വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ഡിസംബർ

Coirfed

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

## കയർഫെഡ് ബാംഗ്ലൂർ ഷോറൂം ഉദ്ഘാടനം

## കയർഫെഡിന്റെ പുതുവർഷ സ്വർണ്ണമഴ, കയർ ചാമ്പ്യൻ പദ്ധതികൾ



# Coirfed

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

ഒരു വീട്ടിൽ
ഒരു കയർ ഉൽപന്നം





## കയർഫെഡിന്റെ
# പുതുവർഷ സ്വർണ്ണമഴ

2021 ഡിസംബർ 6 മുതൽ 2022 മാർച്ച് 7 വരെ

# ഉദ്ഘാടനവും പദ്ധതി ലോഞ്ചിംഗും

**2021 ഡിസംബർ 6 തിങ്കളാഴ്ച 3.30 PM**

**തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് ഹാൾ**

---

സ്വാഗതം: **ശ്രീ. സി. സുരേഷ്കുമാർ** (മാനേജിംഗ് ഡയറക്ടർ, കയർഫെഡ്)

ഉദ്ഘാടനം: **ശ്രീ. പി. രാജീവ്** (ബഹു. വ്യവസായ - നിയമ - കയർ വകുപ്പ് മന്ത്രി)

അദ്ധ്യക്ഷൻ: **അഡ്വ. എൻ. സായികുമാർ** (പ്രസിഡന്റ്, കയർഫെഡ്)

കയർ ചാമ്പ്യൻ പദ്ധതി പ്രഖ്യാപനം: **ശ്രീ. ആനത്തലവട്ടം ആനന്ദൻ** (വൈസ് ചെയർമാൻ, ABC)

മുഖ്യപ്രഭാഷണം: **ശ്രീ. വി. ആർ. വിനോദ് ഐഎഎസ്** (കയർ വികസന ഡയറക്ടർ)

**ശ്രീ. എൻ. പത്മകുമാർ** (സ്പെഷ്യൽ ആഫീസർ, കയർ)

---

ആശംസകൾ: **ശ്രീമതി. ജമീല ശ്രീധരൻ** (തിരു. കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ)

**ശ്രീ. ജോഷി എബ്രഹാം** (വൈസ് പ്രസിഡന്റ്, കയർഫെഡ്)

**ശ്രീ. എസ്. എൽ സജികുമാർ** (എക്സി. കമ്മിറ്റി മെമ്പർ, കയർഫെഡ്)

**ശ്രീ. വി. എസ്. മണി** (എക്സി. കമ്മിറ്റി മെമ്പർ, കയർഫെഡ്) , **ശ്രീ. കഠിനംകുളം സാബു** (ബോർഡ് മെമ്പർ, കയർഫെഡ്)

**ശ്രീ ആർ. അജിത് കുമാർ** (ബോർഡ് മെമ്പർ, കയർഫെഡ്)

നന്ദി: **ശ്രീ. ബി. സുനിൽ** (ജനറൽ മാനേജർ, കയർഫെഡ്)



കയർ മാറ്റ്സ്
MRP യിൽ നിന്നും 50%
ഡിസ്കൗണ്ട് + Tax 5%



മെത്തകൾ
MRP യിൽ നിന്നും 40%
ഡിസ്കൗണ്ട് + Tax 18%



ടഫ്റ്റഡ് മാറ്റ്സ്
MRP യിൽ നിന്നും 50%
ഡിസ്കൗണ്ട് + Tax12%

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.**
No.679, P.B.No.4616, Alappuzha, Kerala **Tel: 0477 2243627, 2243628 , 2243629**
Email: coirfedho@gmail.com, mdcoirfed@gmail.com Website: www.coirfed.in

കയർ വ്യവസായം

# ഉള്ളടക്കം


**Vol-5, No.-5**

Established in 1998

Founder Chief Editor:

**Anathalavattom Anandan**



*Chief Editor:*

**Adv. N. Saikumar**

*Editorial Board*

**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*

**B. Sunil**

*Editorial Assistants*

**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*

**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**



PAGE 06



കയർഫെഡ് ഷോറൂം
ഇനി ബാംഗ്ലൂരിലും

PAGE 12



കേരം തിങ്ങും
കേരള ഭാഷ - 3

PAGE 19




പരമ്പരാഗത വ്യവസായ
മേഖലയ്ക്ക് തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങൾ കൈത്താങ്ങാവും:
മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ

PAGE 20



ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം
പുതുവർഷ സ്വർണ്ണമഴ
കയർ ചാമ്പ്യൻ പദ്ധതികൾ
ഉദ്ഘാടനം ചെയ്തു

PAGE 24



2021: കയർമേഖലയുടെ
നാൾവഴികൾ


**ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്


**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## ഭൂമിക്കും ഭൂവസ്ത്രത്തിനുമായി കൈകോർക്കാം

**ത**ദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ പരമ്പരാഗത മേഖലക്ക് കൈത്താങ്ങാവുമെന്ന മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രഖ്യാപനം അതിരറ്റ ആഹ്ലാദത്തോടെയാണ് സ്വാഗതം ചെയ്യുന്നത്. കേരളത്തിലെ കയർ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ നിലവിലുള്ള നാഭീ-നാള ബന്ധം കൂടുതൽ ദൃഢവും ഊഷ്മളവുമാക്കാൻ മന്ത്രിയുടെ പ്രഖ്യാപനം ഇടയാക്കും. നാളിതുവരെയുള്ള കയർ കേരളയുടെ പ്രധാന പരിപാടികളിൽ ഒന്നാണ് പഞ്ചായത്ത് പ്രതിനിധികൾ പങ്കെടുക്കുന്ന ധാരണാപത്രം ഒപ്പിടലും ഭൂവസ്ത്ര സെമിനാറും.

കേരളത്തിന്റെ ഭൂപ്രകൃതി കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞതായതുകൊണ്ട് മഴവെള്ളം മുഴുവൻ ഉള്ളിലേക്ക് ഊർന്നിറങ്ങാതെ മണിക്കൂറുകൾക്കകം കടലിലേക്ക് ഒഴുകിപോകുന്ന സ്ഥിതിയാണ്. കേരളത്തിലെ ഒന്നുരണ്ട് ബ്ലോക്കുകൾ ഒഴികെ എല്ലാ ബ്ലോക്കുകളിലും ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഇത് മനുഷ്യരാശിയുടെ മാത്രമല്ല ജീവജാലങ്ങളുടെയാകെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചുവരുകയാണ്. ഈ സാഹചര്യത്തിലാണ് ചരിഞ്ഞ പ്രതലങ്ങളെയും ചെറുതും വലുതുമായ ജലസ്രോതസ്സുകളെയും സംരക്ഷിക്കുന്നതിനായി കയർ ഭൂവസ്ത്രവിതാനം പ്രയോജനപ്പെടുത്തി വരുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന കയറിന്റെ വലിയപങ്കും ഇങ്ങനെ ഭൂവസ്ത്ര നിർമ്മാണത്തിനായി പരിവർത്തനം ചെയ്യാൻ കഴിഞ്ഞതുകൊണ്ടാണ് രണ്ടാം കയർ പുനസംഘടന പദ്ധതിയുടെ ഭാഗമായുള്ള കയറിന്റെ അധിക ഉത്പാദനം കയർ മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കാതിരുന്നത്.

[redacted]

2021 ഫെബ്രുവരിയിൽ നടന്ന കയർ കേരളയുടെ ഭാഗമായി 121 കോടി രൂപയ്ക്കുള്ള കയർ ഭൂവസ്ത്ര പദ്ധതികൾക്കുള്ള ധാരണാപത്രമാണ് പഞ്ചായത്ത് പ്രതിനിധികളുമായി കയർ വികസന വകുപ്പ് ഒപ്പുവച്ചത്. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായിരുന്നു. എന്നാൽ ധാരണാപത്രം ഒപ്പിട്ട പകുതിയിലേറെ പഞ്ചായത്തുകളും നടപ്പു സാമ്പത്തിക വർഷത്തിലെ ഒൻപത് മാസങ്ങൾ പിന്നിടുമ്പോഴും ഭൂവസ്ത്ര വിതാന പദ്ധതികൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ആരംഭിക്കുവാൻ തയ്യാറായിട്ടില്ലെന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. കോവിഡിന്റെ രണ്ടാം തരംഗവും മൂന്നാം തരംഗവും ആണ് പ്രതിബന്ധമായി പല പഞ്ചായത്തുകളും ചൂണ്ടിക്കാണിക്കുന്നത്.

കേരളത്തിലെ പി.ഡബ്ല്യയു.ഡി റോഡ് നിർമ്മാണങ്ങൾക്കും നഗരപ്രദേശത്ത് നടപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള യന്ത്രക്കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചു വരുകയാണ്. കേരളത്തിലെ കയറിന്റെ വിൽപ്പന വിലയേക്കാൾ കിലോഗ്രാമിന് അഞ്ചു രൂപയോളം വില കുറച്ച് തമിഴ്നാട്ടിൽ നിന്നുള്ള യന്ത്രക്കയർ വിപണിയിൽ ലഭ്യമായതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്.

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കയറിന്റെ സ്റ്റോക്ക് ഗണ്യമായി ഉയർന്ന് നിൽക്കുന്ന അസാധാരണമായ സാഹചര്യത്തിൽ ഇത്തരം നടപടികൾ കയർ മേഖലയിൽ അതീവ ഗുരുതരമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ മിക്കവാറും അവസാനിക്കാറാവുന്ന സാഹചര്യത്തിൽ ഇനിയെങ്കിലും പഞ്ചായത്തുകൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതികൾ ഏറ്റെടുക്കാൻ തയ്യാറാവണം. കയർ പൊതുമേഖലാ സ്ഥാപനങ്ങളും കയർ വികസന വകുപ്പും ഇതിനുള്ള നല്ല പരിശ്രമങ്ങൾ നടത്തുന്നുണ്ട്. പി.ഡബ്ല്യു.ഡി റോഡ് നിർമ്മാണത്തിനും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലും വിനിയോഗിക്കുന്ന കയർ ഭൂവസ്ത്രം കേരളത്തിലെ കയർ വിനിയോഗിച്ച് നിർമ്മിക്കുന്നതാണ് എന്ന് ഉറപ്പു വരുത്തുന്നതിനും കഴിയണം. അല്ലാത്തപക്ഷം നടപ്പുസാമ്പത്തികവർഷം കയർ വിപണനം താഴോട്ടു പോകാനിടയുണ്ട്. ഇതൊഴിവാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും പൊതുമരാമത്ത് വകുപ്പിലേയും ഉത്തരവാദിത്വപ്പെട്ടവർ കുടുതൽ നിഷ്കർഷതയോടെയും ജാഗ്രതയോടെയും പങ്കാളികളാകുമെന്ന് പ്രത്യാശിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ




# കയർഫെഡ് ഷോറൂം ഇനി ബാംഗ്ലൂരിലും

## ● ഉദ്ഘാടനം ചെയ്യപ്പെട്ടത് ബസവനഗുഡി ഗാന്ധി ബസാറിൽ

## ● കേരളത്തിനു പുറത്തുള്ള 25– ാമത് ഷോറൂം

**ക**യർഫെഡിന്റെ കേരളത്തിനു പുറത്തുള്ള 25–ാമത് ഷോറൂമായ ബാംഗ്ലൂർ ഷോറൂം സംസ്ഥാന വ്യവസായ-നിയമ- കയർ വകുപ്പ് മന്ത്രി പി. രാജീവ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. കയർഫെഡിന് കേരളത്തിന് പുറത്ത് പ്രധാന നഗരങ്ങളിൽ 24 ഷോറൂമുകളാണ് നിലവിൽ ഉണ്ടായിരുന്നത്. കയർഫെഡിന്റെ 25–ാമത് ഷോറൂമാണ് കർണ്ണാടകയിലെ ബാംഗ്ലൂർ ബസവന ഗുഡി ഗാന്ധി ബസാറിൽ ഉദ്ഘാടനം ചെയ്തത്.

ചേർത്തല കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘത്തിന്റെ ഷോറൂമായി ബാംഗ്ലൂരിൽ 1987 മുതൽ പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടത്തിലാണ് കയർഫെഡിന്റെ ഷോറൂം സജ്ജമാക്കിയിരിക്കുന്നത്. ബാംഗ്ളൂരിൽ ഷോറൂമിന്റെ വിപണന സാധ്യതകൾ സംബന്ധിച്ച് സമഗ്രമായി പഠിച്ചതിന്റെ അടിസ്ഥാനത്തിലാണ് കയർഫെഡ് ഇവിടെ ഷോറൂം നടത്തുവാൻ തീരുമാനിച്ചത്. തുടർന്ന് ഷോറൂം കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി മോടി പിടിപ്പിക്കുകയും ജി.എസ്.റ്റി രജിസ്ട്രേഷൻ, ലൈസൻസ് തുടങ്ങിയ നിയമപരമായ നടപടികൾ പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമാക്കുകയും ചെയ്തു.

ബാംഗ്ലൂരിൽ ബസവനഗുഡി എന്ന സ്ഥലത്ത് ഗാന്ധി ബസാറിൽ മലയാളികൾ ഏറെയുള്ള, വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ അനവധിയുള്ള പ്രദേശത്ത് 800 ച.അടി വിസ്തീർണ്ണമുള്ള മൂന്ന് കടമുറികൾ ഒന്നിച്ചുള്ള കെട്ടിടമാണ് നവീകരിച്ച് കയർഫെഡിന്റെ ഷോറൂമായി സജ്ജീകരിച്ചിട്ടുള്ളത്. ഇവിടെ കയർ മാറ്റിംഗ്സ്, മാറ്റുകൾ തുടങ്ങിയ കയർ ഉത്പന്നങ്ങൾക്ക് വലിയ വിപണന സാധ്യതകൾ ഉള്ള പ്രദേശമാണ്. കയർഫെഡിന്റെ കാർഷിക അധിഷ്ഠിതമായ ഉത്പന്നങ്ങൾക്കും ഇവിടെ സാധ്യതകൾ ഉണ്ട്. ഈ ഷോറൂമിൽ നിന്നും ഏതാനും ദൂരം മാത്രം അകലെയാണ് ബാംഗ്ലൂർ ബോട്ടാണിക്കൽ ഗാർഡൻ.

തമിഴ്നാട്ടിൽ കയർഫെഡിന് ചെന്നൈയിൽ ഉൾപ്പെടെ മൂന്ന് ഷോറൂമുകൾ നിലവിൽ സ്വന്തമായുണ്ടായിരുന്നെങ്കിലും കർണ്ണാടകയിൽ ഷോറൂമുകൾ ഇല്ലായിരുന്നു. ഇതോടെ രണ്ടു സംസ്ഥാനങ്ങളിലും കയറും കയർ ഉത്പന്നങ്ങളും വലിയതോതിൽ വിറ്റഴിക്കുവാൻ കയർഫെഡിന് അവസരം കൈവന്നിരിക്കുകയാണെന്നു വിലയിരുത്തപ്പെടുന്നു.



*ബാംഗ്ലൂർ കയർഫെഡ് ഷോറൂം ഉദ്ഘാടന ചടങ്ങിൽ നിന്ന്... ചിത്രത്തിൽ കയർഫെഡ് എക്സിക്യൂട്ടീവ് അംഗം എം. പുഷ്ക്കരൻ, ബാംഗ്ലൂർ കേരള സമാജം പ്രസിഡന്റ് സി.പി. രാധാകൃഷ്ണൻ, മാർക്കറ്റിംഗ് മാനേജർ എം. അനുരാജ് എന്നിവർ.*



# കയർഫെഡിന്റെ പ്രവർത്തനം അഭിനന്ദനീയം: മന്ത്രി പി. രാജീവ്

**പു**തിയ കാലഘട്ടത്തിന്റെ അഭിരുചിക്കനുസരിച്ച് വിപണനതന്ത്രങ്ങൾ ആവിഷ്ക്കരിച്ചു മുന്നേറുന്ന കയർഫെഡിനും അതിന്റെ ഭരണ സമിതിക്കും മാനേജ്മെന്റിനും സർക്കാരിനുവേണ്ടി അഭിനന്ദനങ്ങൾ നേരുന്നതായി സംസ്ഥാന വ്യവസായ-നിയമ -കയർ മന്ത്രി പി രാജീവ്. കയർഫെഡിന്റെ ബാംഗ്ലൂരിലുള്ള പുതിയ ഷോറൂം ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗുണമേന്മ, വൈവിധ്യവത്കരണം, ഇന്നത്തെ കാലത്തെ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രവർത്തന സംവിധാനം ഇതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കയർഫെഡ് നല്ല നിലയിൽ മുന്നോട്ടു വന്നിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ബാംഗ്ലൂരിലെ ഒരു പ്രധാനപ്പെട്ട സ്ഥലത്ത് 800 ചതുശ്ര അടി വിസ്തീർണ്ണമുള്ള മൂന്നു മുറികളുള്ള ഒരു കെട്ടിടത്തിൽ ഷോറൂം ആരംഭിക്കുന്നു എന്നത് ഒരു വലിയ കാര്യമാണ്. ഷോറൂമുകൾക്ക് വ്യക്തമായ ലക്ഷ്യം നിശ്ചയിച്ചു നൽകണം. മാസം, ത്രൈമാസം, വർഷം എന്ന നിലയിൽ വേണം ലക്ഷ്യം നിശ്ചയിക്കേണ്ടത്. ഇതിനാവശ്യമായ മതിയായ ആസൂത്രണം ഉണ്ടായിരിക്കണം. ലക്ഷ്യം പൂർത്തീകരിക്കുന്നത് ഷോറൂമിൽ നിയമിക്കപ്പെടുന്ന ചുമതലക്കാരുടെ ഉത്തരവാദിത്വം ആയിരിക്കും. ടാർജറ്റിന് മുകളിൽ വിപണനം നടത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനും കഴിയണം. ബാംഗ്ലൂരിൽ മലയാളികൾ ധാരാളമുള്ള പ്രദേശമാണ്. ഇവിടെ സാമൂഹ്യ മാധ്യമങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. നമ്മുടെ ഉത്പന്നങ്ങളുടെ പ്രത്യേകതകളും മറ്റു വിശദാംശങ്ങളും ഇങ്ങനെ വ്യാപകമായി അവിടെ പ്രചരിപ്പിക്കണം. അതിനായി ചെറുവീഡിയോകൾ തയ്യാറാക്കി മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കേണ്ടതുണ്ട്. വ്യക്തമായ ആസൂത്രണത്തോടുകൂടി ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകണം എന്നു മന്ത്രി അഭ്യർത്ഥിച്ചു.

കേരളത്തിനു പുറത്തുള്ള ഇരുപത്തിയഞ്ചാമത്തെ ഷോറൂം തുറക്കുന്നു എന്നത് കയർഫെഡിനെ സംബന്ധിച്ചെടുത്തോളം അഭിമാനകരമായ സന്ദർഭമാണ്. കർണാടകയിൽ ഒരു ഷോറൂം ഇല്ല എന്ന് കുറവാണ് ബാംഗ്ലൂരിൽ ഒരു ഷോറൂം ആരംഭിക്കുന്നതോടുകൂടി പരിഹരിക്കപ്പെടുന്നത്. കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും ചകിരിയുടെയും സംഭരണത്തിലും വിപണനത്തിലും കയർഫെഡ് വളരെ നല്ല നിലയിലാണ് പ്രവർത്തിക്കുന്നത്. പി.എസ്.സി. റിക്രൂട്ട്മെന്റ് വഴി പ്രഗൽഭരായ പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനവും കയർഫെഡിന് ലഭ്യമായി തുടങ്ങിയെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ഒരു വീട്ടിൽ ഒരു കയറുത്പന്നം എന്നതാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്ന മുദ്രാവാക്യം. ഇതിന്റെ ഭാഗമായി കയർഫെഡ് നേരത്തെതന്നെ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അത് നല്ല നിലയിലാണ് മുന്നോട്ടു പോകുന്നത് എന്നാണ് മനസിലാക്കുന്നത്. കൊക്കോപോട്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ടെൻഡറോ കൊട്ടേഷനോ കൂടാതെ വാങ്ങുന്നതിനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഊർജിതമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും മന്ത്രി കൂട്ടിചേർത്തു.

# വിപണന ശൃംഖല കരുത്തുറ്റതാക്കും: അഡ്വ. എൻ. സായികുമാർ

കയർഫെഡിന്റെ വിപണന ശൃംഖല കരുത്തുറ്റതാക്കുമെന്ന് കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ പറഞ്ഞു. കയർഫെഡ് ബാംഗ്ലൂരിൽ ആരംഭിച്ച പുതിയ ഷോറൂമിന്റെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഇതിന് വേണ്ടിയുള്ള വിവിധ കർമ്മ പദ്ധതികൾ കയർഫെഡ് ഭരണസമിതി യോഗം വിശദമായി ചർച്ച ചെയ്തു തീരുമാനമെടുത്തിട്ടുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു.

സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രിയും തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയും പ്രത്യേക താൽപര്യമെടുത്താണ് കയർഫെഡിന്റെ നൂതന ഉത്പന്നങ്ങളായ കൊക്കോപോട്ട്, ഇനാകുലേറ്റഡ് പിത്ത് തുടങ്ങിയവ കയർഫെഡിൽ നിന്നും നേരിട്ട് വാങ്ങാനുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്. പിത്ത് അധിഷ്ഠിതമായ ഉത്പന്നങ്ങൾക്ക് വലിയ വിപണന സാധ്യതയാണുള്ളത്. ഒരു വീട്ടിൽ ഒരു കയറുത്പന്നം എന്ന സർക്കാരിന്റെ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തന്ത്രവും പദ്ധതികളും കയർഫെഡ് ഇതിനകം തയാറാക്കിയിട്ടുണ്ട്. കയർഫെഡിന്റെ ഈ പ്രവർത്തനങ്ങൾക്ക് എല്ലാം വ്യവസായ-നിയമ- കയർ മന്ത്രിയുടെയും കയർവികസന വകുപ്പിന്റെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ലഭിക്കുന്നത് വലിയ ആത്മവിശ്വാസമാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. മാനേജീരിയൽ തസ്തികകളിൽ പി.എസ്.സി. വഴി നിയമനം ദ്രുതഗതിയിൽ നടന്നുവരികയാണെന്നും ഇങ്ങനെ മനുഷ്യവിഭവശേഷിയുടെ ഉപയോഗത്തിലും കയർഫെഡിന് ഏറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കയർഫെഡിന്റെ കേരളത്തിനു പുറത്തുള്ള ഇരുപത്തിയഞ്ചാമത് ഷോറൂമാണ് ബാംഗ്ലൂരിൽ ഉദ്ഘാടനം ചെയ്യുന്നത്. ഇത് നേരത്തെ ചേർത്തല സംഘത്തിന്റെ ഷോറൂം ആയിരുന്നു. ഈ ഷോറൂം ഇവിടെ ദീർഘകാലം പ്രവർത്തിച്ചുവരികയായിരുന്നു. എന്നാൽ ഈ ഷോറൂം പ്രവർത്തിപ്പിക്കുവാൻ സംഘത്തിന് കഴിയാതെ വന്ന സാഹചര്യത്തിൽ അവരുമായി കയർഫെഡ് ചർച്ച ചെയ്തു ധാരണയുണ്ടാക്കിയാണ് ഷോറൂം ഏറ്റെടുക്കുന്നത്. അതിനുശേഷം കയർഫെഡ് സ്വന്തം ഫണ്ട് ഉപയോഗിച്ച് മികച്ച രീതിയിൽ ഷോറൂം ഫർണിഷ് ചെയ്തു മോടിപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കയർഫെഡിന് മഹാരാഷ്ട്രയിൽ നാല് ഷോറൂമുകളും തമിഴ്നാട്ടിൽ മൂന്ന് ഷോറൂമും ഉണ്ട്. അതുപോലെ



മറ്റു സംസ്ഥാനങ്ങളിലും കയർഫെഡിന് സ്വന്തമായി ഷോറൂമുകൾ ഉണ്ട്. എന്നാൽ അയൽ സംസ്ഥാനമായ കർണാടകയിൽ കയർഫെഡിന് ഒരു ഷോറൂം ഇല്ലാതിരുന്നത് ഒരു പരിമിതി ആയിരുന്നു.ഈ ഷോറൂം തുറക്കുന്നതോടുകൂടി ആ കുറവും പരിഹരിക്കപ്പെടുകയാണെന്നും അദ്ദേഹം കൂട്ടി ചേർത്തു. ചടങ്ങിൽ കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, കയർ വകുപ്പ് സ്പെഷ്യൽ ആഫീസർ എൻ. പത്മകുമാർ ഐ.എ.എസ്, (റിട്ട) എന്നിവർ മുഖ്യപ്രഭാഷണം നടത്തി.

കയർഫെഡ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ വി.എസ്. മണി, എം. പുഷ്ക്കരൻ, മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ബാംഗ്ലൂർ കേരള സമാജം പ്രസിഡന്റ് സി.പി. രാധാകൃഷ്ണൻ, സുവർണ്ണ കർണ്ണാടക കേരള സമാജം ജനറൽ സെക്രട്ടറി കെ.പി. ശശിധരൻ, ലോകകേരള സഭ അംഗം സി. കുഞ്ഞപ്പൻ എന്നിവർ സംസാരിച്ചു. കയർഫെഡ് ജനറൽ മാനേജർ ബി.സുനിൽ സ്വാഗതവും മാർക്കറ്റിംഗ് മാനേജർ എം. അനുരാജ് നന്ദിയും പറഞ്ഞു.

## പ്രത്യേക ക്യാഷ് പ്രൈസ്

കയർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



*മുകുന്ദപുരം 314-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘത്തിന്റെ നവീകരിച്ച സ്ഥാപനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു.*

# പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കും: മന്ത്രി ജെ. ചിഞ്ചുറാണി

**പ**രമ്പരാഗത തൊഴിലാളികളെയും അവരുടെ സംരംഭങ്ങളെയും ആധുനീകരണത്തിലുടെ സംരക്ഷിക്കുന്നതാണ് സർക്കാർ നയമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. മുകുന്ദപുരം 314-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘത്തിന്റെ നവീകരിച്ച സ്ഥാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കയർവ്യവസായം നേരിടുന്ന വലിയ പ്രതിസന്ധിയായ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കാൻ തൊണ്ട് സംഭരിക്കണമെന്നും അതിന് കയർ തൊഴിലാളികളും കയർസംഘങ്ങളും തയാറാകണമെന്നും ചിഞ്ചുറാണി പറഞ്ഞു. ചവറ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സോഫിയ സലാം അധ്യക്ഷത വഹിച്ചു. സംഘം പ്രസിഡന്റ് എ. അബ്ബാസ്, സെക്രട്ടറി എസ്. സ്മിത, മുൻ എം.എൽ.എ. ആർ. രാമചന്ദ്രൻ, ജില്ലാപഞ്ചായത്ത് അംഗം എസ്. സോമൻ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ്, ഡെപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കയർ പ്രോജക്ട് ഓഫീസർ ഇ. ബെനഡിക്ട് നിക്സൺ, ജി. ഷാജി, ജി. വിജയൻ, കുറ്റിയിൽ ലത്തീഫ് എന്നിവർ പ്രസംഗിച്ചു. 17.20 ലക്ഷംരൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചത്.



*മുകുന്ദപുരം 314-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘത്തിന്റെ നവീകരിച്ച സ്ഥാപനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് സംസാരിക്കുന്നു.*

# പുതിയ സാരഥികൾ



## ജി. വേണുഗോപാൽ
## ചെയർമാൻ, കയർ കോർപ്പറേഷൻ

**കേ**രള സംസ്ഥാന കയർ കോർപ്പറേഷൻ ചെയർമാനായി സി.പി.എം. ജില്ലാ സെക്രട്ടറിയേറ്റ് അംഗം ജി. വേണുഗോപാൽ നിയമിതനായി. ഇത് രണ്ടാം തവണയാണ് കയർ കോർപ്പറേഷൻ ചെയർമാനായി അദ്ദേഹം നിയമിതനാകുന്നത്. നേരത്തെ വി.എസ്. സർക്കാരിന്റെ കാലത്ത് 2006 മുതൽ 2011 വരെയാണ് ചെയർമാനായിരുന്നത്.

2016 മുതൽ അഞ്ചു വർഷക്കാലം ജി. വേണുഗോപാൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. സി.പി.എം. കേന്ദ്രകമ്മറ്റി അംഗവും മുൻ വ്യവസായമന്ത്രിയും പാവങ്ങളുടെ പടത്തലവൻ ഏ.കെ.ജി യുടെ സഹധർമ്മിണിയുമായ സുശീലാഗോപാലന്റെ സഹോദരി പുത്രനുമായ വേണുഗോപാൽ ആലപ്പുഴ മുഹമ്മ ചീരപ്പൻചിറ കുടുംബാംഗവുമാണ്.



## എം.എച്ച്.റഷീദ്
## ചെയർമാൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി

**കേ**രള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാനായി സി.പി.എം ജില്ലാ കമ്മറ്റി അംഗം എം.എച്ച്.റഷീദിനെ നിയമിച്ച് സർക്കാർ ഉത്തരവായി. ആലപ്പുഴ ചെങ്ങന്നൂർ സ്വദേശിയായ എം.എച്ച്. റഷീദ് സി.പി.എം. ചെങ്ങന്നൂർ ഏരിയാ കമ്മറ്റി സെക്രട്ടറിയായിരുന്നു.

കെ.എൽ.ഡി.സി ഡയറക്ടർ ബോർഡ് അംഗം, മുളക്കുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.



*കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാനായി നിയമിതനായ അഡ്വ. കെ. പ്രസാദിനെ കയർഫെഡിൽ നടന്ന ചടങ്ങിൽ ചെയർമാൻ അഡ്വ. എൻ. സായികുമാർ പൊന്നാട അണിയിച്ച് ആദരിക്കുന്നു.*

## അഡ്വ. കെ. പ്രസാദ് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാൻ

**കേ**രള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാനായി നിയമിതനായ അഡ്വ. കെ.പ്രസാദിനെ കയർഫെഡിൽ നടന്ന ചടങ്ങിൽ ചെയർമാൻ അഡ്വ. എൻ. സായികുമാർ പൊന്നാട അണിയിച്ച് ആദരിച്ചു. കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ ചെയർമാനായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം തുടങ്ങിയ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സി.പി.എം. ആലപ്പുഴ ജില്ലാ സെക്രട്ടറിയേറ്റ് അംഗമാണ്.

കയർഫെഡിന്റെ ആലപ്പുഴ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കയർ കോർപ്പറേഷൻ മുൻ ചെയർമാൻ ടി.കെ. ദേവകുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർഫെഡ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വി.എസ്. മണി, എൻ.ആർ. ബാബുരാജ് തുടങ്ങിയവർ സംബന്ധിച്ചു.

# കവിത



ജെ. ഷിജിമോൻ

മുറ്റത്തെ ചെന്തെങ്ങിൻ ചുവട്ടിൽ
കൈക്കോട്ടുകൊണ്ട്
വെട്ടിയും തിരുത്തിയും
വൃത്തത്തിൽ ഒരു കവിത
ഒരുക്കുകയാണ് അച്ഛൻ.

മൂവാണ്ടൻ മാവിന്റെ തണലിൽ
പച്ചത്തെങ്ങോലകൊണ്ട്
ചതുരത്തിൽ ഒരു കവിത
ഇഴമുറിയാതെ
മെടയുകയാണ് അമ്മ.

അടുക്കളയിൽ,
തീയും വയറും പുകഞ്ഞ്
എരിവും മണവുമുള്ള ഒരു കവിത
നീട്ടിയും കുറുക്കിയും
പാകപ്പെടുത്തുന്നുണ്ട് പെങ്ങൾ.

അകത്ത്, പഴയ മെഷീനിൽ
പൊടിപ്പും തൊങ്ങലും വച്ച്
ഒരു കുട്ടിക്കവിത
താളത്തിൽ തുന്നുകയാണ് ഏട്ടൻ.

അകലെ, പൊള്ളുന്ന വെയിലിൽ
ഒരു മഹാകാവ്യത്തിലെ
വരിയും കളയും
പിഴുതുവെടിപ്പാക്കുന്നു
പെണ്ണാളുകൾ

കയ്യാലയ്ക്കപ്പുറത്തുകൂടി
കിതച്ചും വിയർത്തും
ഒരു ദീർഘകാവ്യം
വെട്ടിവരികയാണ് തൊഴിലാളികൾ

എല്ലാം കണ്ടുകൊണ്ട്,
ഉമ്മറത്തെ ചാരുകസേരയിൽ
ചൊറിഞ്ഞും മാന്തിയും
എന്തൊക്കെയോ കുത്തിക്കുറിച്ചു
നേരംപോക്കുന്നു
ഞാനെന്ന കവി.



**തേങ്ങ എന്ന ഫലത്തിൽ നിന്നുതന്നെ എത്രയോ പദങ്ങൾ വീണ്ടും ഉത്ഭവിക്കുന്നു എന്നാലോചിക്കുന്നത് തികച്ചും കൗതുകകരമാണ്. തേങ്ങ 'പൊതിച്ചാ'ൽ അത് വീണ്ടും തേങ്ങയും 'തൊണ്ടു' മായി മാറും. തൊണ്ടിനുള്ളിൽ നിറയെ 'ചകിരി'യും 'ചകിരിച്ചോറു'മുണ്ട്. ദൈവത്തിന്റെ നാട്ടിലെ ചകിരിയെന്ന സുവർണ്ണ നാര് പിരിച്ചാൽ 'കയർ' ആയി. കയർ മേഖലയിൽ മാത്രം എത്രയെത്ര സവിശേഷ പദങ്ങൾ നാം ഉപയോഗിക്കുന്നുണ്ട്!**

# കേരം തിങ്ങും കേരളഭാഷ – 4



പി.വി. വേണുഗോപാൽ

**ഓ**ല മടലുകൾ കഴിഞ്ഞാൽ ചണച്ചാക്ക് പോലെ പ്രകൃതി നെയ്തെടുത്ത 'കോഞ്ഞാട്ട'കളാണ് തെങ്ങിൽ നിറയെ. ഓല മുളച്ചുവരുമ്പോൾ ഉള്ള സംരക്ഷണ കവചമാണ് കോഞ്ഞാട്ട. ഓല വളർന്നുകഴിയുമ്പോൾ മടലിനോട് ചേർന്ന് പട്ടയുടെ ഇടയിൽ കോഞ്ഞാട്ട, വല പോലെ പൊതിഞ്ഞിരിക്കുന്നതായി കാണാം. മടലിനെ തെങ്ങിനോട് ചേർത്ത് ഉറപ്പിച്ചു നിർത്തുന്നതിൽ കോഞ്ഞാട്ടയ്ക്ക് പ്രധാന പങ്കുണ്ട്. വടക്കൻ കേരളത്തിൽ കോഞ്ഞാട്ടയ്ക്ക് 'അടിച്ചുവാര' എന്നും പറയും. കോഞ്ഞാട്ടയും കടന്നു ചെന്നാൽ പിന്നെ കാണുക 'ചൊട്ട'കളാണ് 'കൂമ്പ്' എന്നു പറയും. ഈ ചൊട്ടകൾ ചെത്തിയാൽ 'നീര'കിട്ടും നീര പുളിച്ചാൽ 'കള്ളും'. കള്ളും പുളിച്ചു നേർത്താൽ 'ചൊറുക്ക' (വിനാഗിരി) യായി. ചെത്തുമായി ബന്ധപ്പെട്ടുമുണ്ട് മലയാളത്തിൽ നിരവധി പദങ്ങൾ. ചെത്തു തൊഴിലാളികൾ നാട്ടുകാർക്ക് ചെത്തുകാർ ആണെങ്കിൽ കുട്ടികൾക്കവർ ചെത്തച്ചന്മാരാണ്'.'കത്തിക്കൂടു'മായാണ് ചെത്തച്ചന്മാരെത്തുക. ഈ കൂട്ടിൽ നല്ല വീതിയുള്ള 'തേറുകൾ' ഉണ്ടാവും. ഇവ ഉപയോഗിച്ചാണ് കൂമ്പു ചെത്തുക. കേടായ പൂക്കുലകളും മറ്റും ചെത്തിക്കളയാൻ ഒരു 'ഓലക്കത്തി'യും കൂട്ടിലുണ്ടാവും. കത്തിക്കൂട്ടിലെ മറ്റൊരു കൗതുകം 'ബ്ലാങ്കൽ' ആണ്. ഈ ബ്ലാങ്കൽ കൊണ്ടാണ് ചെത്തിയ കൂമ്പ് തല്ലി പതം വരുത്തുന്നത്. ചെത്തുന്ന കൂമ്പിനുമുണ്ട് പ്രത്യേകതകൾ.

പച്ചരിപ്പരുവം, പാല്പരുവം, നെല്പരുവം എന്നിങ്ങനെ കൂമ്പുകളുടെ പ്രായം മൂന്നാണ്. പാൽപരുവം എന്നാൽ ഇളം കൂമ്പും നെല്പരുവം എന്നാൽ വിളഞ്ഞ കൂമ്പും ആണ്. ഇവയുടെ ഇടയിലുള്ളതാണ് പച്ചരിപ്പരുവം. പച്ചരിപ്പരുവത്തിലുള്ള കൂമ്പുകളാണ് ചെത്തുന്നതിനായി തിരഞ്ഞെടുക്കുന്നത്. ചെത്തി ചെളിതേച്ച് ബ്ലാങ്കലിന് 'മാട്ടി'(തല്ലി) പതം വരുത്തുന്ന ചൊട്ടകളിൽ 'മാട്ടം' എന്ന മൺ കുടം കമഴ്ത്തും. മാട്ടത്തിന് 'പാനി' എന്നും പറയാറുണ്ട്. കള്ളുവ്യവസായത്തിലേക്ക് പോയാൽ പദങ്ങൾ എത്രയോ അങ്ങനെ കിടക്കുന്നു.

ഇനി ചെത്താത്ത ചൊട്ട വിരിഞ്ഞാലോ? 'പൂക്കുല'യും' കൊതുമ്പു'മായി അവ വേർതിരിയും. ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും പ്രതീകമാണല്ലോ മലയാളിക്ക് എന്നും പൂക്കുല. നാളുകൾ പിന്നിടവേ പൂക്കുലയിൽ ഒന്നൊന്നായി 'മച്ചിങ്ങ' പിടിക്കുകയായി. മച്ചിങ്ങ വലുതായി അതിൽ വെള്ളം നിറയുമ്പോൾ അത് 'വെള്ളയ്ക്ക'യായി. മധുരമൂറുന്ന ഇളം കാമ്പ് നിറയുമ്പോളാകട്ടെ കേരളത്തിന്റെ ഔദ്യോഗിക പാനീയമായ 'ഇളനീർ'ആയി അതുമാറും. 'കരിക്ക്' എന്നാണല്ലോ പൊതുവിൽ നാം അതിനെ വിളിക്കുന്നത്. വെള്ളയ്ക്കാ പ്രായത്തിൽ ചെല്ലിയോ എലിയോ കുത്തിതുളച്ച് താഴെ വീണുണങ്ങിയാലോ വെള്ളവും കാമ്പും അകത്താക്കിക്കഴിയുമ്പോൾ തൊണ്ടും ചിരട്ടയുമെല്ലാം ചേർന്ന ബാക്കി ഭാഗത്തിനുമൊക്കെ ''തൊണ്ണാൻ'' എന്നാണ് ഞങ്ങളുടെ നാട്ടിൽ വിളിപ്പേര്.

കരിക്കിൽ നിന്ന് 'തേങ്ങ' അഥവാ 'നാളികേര' ത്തിലേക്കുള്ള യാത്രയിൽ ഒരു ഘട്ടം കൂടിയുണ്ട്. വെടല എന്നാണ് ആ ഘട്ടത്തിന് വിളിപ്പേര്. കരിക്കായി കുടിക്കാനും തേങ്ങയായി അരക്കാനും പറ്റാത്ത വെടല നാട്ടിൻ പുറത്തെ അധിക്ഷേപ വാക്കുകളിൽ ഒന്നു കൂടിയാണ്. തെങ്ങിന്റെ ഫലത്തിന് ആകെകൂടിയാണ് നാം തേങ്ങ എന്ന് വിളിക്കുന്നത്. തേങ്ങക്കൊലയിൽ നിന്ന് തേങ്ങയെല്ലാം അടർത്തി മാറ്റിയാൽ 'കൊലാഞ്ഞിൽ' ആണ് ശേഷിക്കുക.

തേങ്ങ എന്ന ഫലത്തിൽ നിന്നുതന്നെ എത്രയോ പദങ്ങൾ വീണ്ടും ഉത്ഭവിക്കുന്നു എന്നാലോചിക്കുന്നത് തികച്ചും കൗതുകകരമാണ്. തേങ്ങ 'പൊതിച്ചാ'ൽ അത് വീണ്ടും തേങ്ങയും 'തൊണ്ടു' മായി മാറും. തൊണ്ടിനുള്ളിൽ നിറയെ 'ചകിരി'യും 'ചകിരിച്ചോറു' മുണ്ട്. ദൈവത്തിന്റെ നാട്ടിലെ ചകിരിയെന്ന സുവർണ്ണ നാര് പിരിച്ചാൽ 'കയർ' ആയി. കയർ മേഖലയിൽ മാത്രം എത്രയെത്ര സവിശേഷ പദങ്ങൾ നാം ഉപയോഗിക്കുന്നുണ്ട്! അവകൂടി ഓർത്തെടുക്കാൻ ശ്രമിച്ചാൽ അനാദിയായി ഈ ലേഖനം നീണ്ടുപോയേക്കാം. അതിനാൽ നമുക്ക് പൊതിച്ച തേങ്ങയിലേക്ക് മടങ്ങിപ്പോകാം.





പൊതിച്ച തേങ്ങ രണ്ടായി മുറിച്ചാൽ ഉള്ളിൽ 'കാമ്പും' പുറത്ത് 'ചിരട്ട'യുമാണ്. കാമ്പ് 'ചിരകി'യെടുത്താൽ 'പീര'യായി. പീരപിഴിഞ്ഞാൽ തേങ്ങപ്പാലായി. ഇനി ചിരകാതെ വെയിലത്തുണക്കിയാൽ 'കൊപ്ര'യായി. കൊപ്രയാട്ടിയാൽ 'വെളിച്ചെണ്ണ'യായി. വ്യാപാരാവശ്യത്തിന് വൻ തോതിൽ കൊപ്ര ഉണക്കി വെളിച്ചെണ്ണയാക്കാൻ മലയാളിക്ക് 'കന്നിട്ട'കൂടിയേ തീരൂ.

നോക്കൂ, തെങ്ങുമായി ബന്ധപ്പെട്ട നൂറുകണക്കിന് പദങ്ങളങ്ങനെ നിരനിരയായി വരികയാണ്. ആറു നാട്ടിൽ നൂറു ഭാഷയെന്നാണ് മലയാളത്തെപ്പറ്റി പറയാറുള്ളത്. ഉദാഹരണത്തിന് മച്ചിങ്ങയെത്തന്നെയെടുക്കാം. കേരളത്തിലങ്ങോളമിങ്ങോളം ഏതെല്ലാം പേരുകളിലാണ് ഈ കുഞ്ഞൻ കായ അറിയപ്പെടുന്നത്. കാസർകോട് അത് വെളിച്ചങ്ങ, ബെള്ച്ചിങ്ങ, ചെണ്ടപ്പാലി, ചെണ്ടപ്പൂളു എന്നൊക്കെയാണ് അറിയപ്പെടുന്നതെങ്കിൽ തൊട്ടടുത്ത കണ്ണൂരിൽ വെളിച്ചൽ, മെളിച്ചിങ്ങ, വെളിച്ചങ്ങ, മെളിച്ചിൽ, ബന്നങ്ങ, മെളിച്ചിലങ്ങ, മച്ചീങ്ങ എന്നിങ്ങനെ പേരുകൾ പലതാണ്. കോഴിക്കോട്ടെത്തുമ്പോൾ കുരുമ്പക്ക, മോച്ചിങ്ങ, മെളിച്ചിൽ, വെളിച്ചിൽ, മച്ചിങ്ങ, മച്ചിള്, കുരുമാക്ക എന്നിങ്ങനെയൊക്കയാണ് പേരുകൾ. വയനാട്ടുകാർ മച്ചിങ്ങ, വെളിച്ചിൽ എന്നീ പേരുകളിൽ ഒതുക്കുമ്പോൾ മലപ്പുറത്തുകാർ മൊച്ചിങ്ങാടി, നാളിക്കായ, മെച്ചിങ്ങ, കുഞ്ഞിങ്ങ, മെച്ചിങ്ങാടി, ചച്ചിങ്ങ, മൊച്ചിങ്ങ, അച്ചിങ്ങ, നെച്ചിങ്ങാടി എന്നിങ്ങനെ വിവിധ പേരുകളിട്ടു വിളിക്കുന്നു. ഇതേ മച്ചിങ്ങ പാലക്കാട് കുറുമ്പ, അച്ചിങ്ങ, മെച്ചിങ്ങ എന്നി പേരുകളിൽ അറിയപ്പെടുമ്പോൾ തൃശൂർകാർ മച്ചിങ്ങയെന്നും മുച്ചിങ്ങയെന്നും അച്ചിങ്ങയെന്നും മന്നിങ്ങയെന്നും ഒക്കെ വിളിക്കും. എറണാകുളംകാർ വെള്ളക്ക, മച്ചിൽ, മച്ചിങ്ങ എന്നിങ്ങനെ വിളിക്കുമ്പോൾ കോട്ടയത്ത് വെച്ചിങ്ങയും മച്ചിങ്ങയും വെള്ളയ്ക്കയും ആലപ്പുഴക്കാർക്ക് വെള്ളയ്ക്കയും മച്ചിങ്ങയും പൈങ്ങയുമാണ്.പത്തനംതിട്ട വെള്ളയ്ക്കയും ഇടുക്കിക്കാർക്ക് മച്ചിങ്ങയും കൊല്ലംക്കാർക്ക് വെള്ളക്കയുമാകുമ്പോൾ തിരുവനന്തപുരംകാർ കൊച്ചങ്ങ, വെച്ചങ്ങ, വെള്ളക്ക, കൊച്ചിങ്ങ, വെച്ചയ്ങ്ങ, കുച്ചങ്കാളി, ഒച്ചങ്ങ എന്നിങ്ങനെ നിരവധി പദങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്. ഇങ്ങനെ നോക്കിയാൽ തെങ്ങുമായിബന്ധപ്പെട്ടമലയാളപദങ്ങളുടെഎണ്ണംനാം ഇപ്പോൾ കണ്ടതിനേക്കാൾ എത്രയോ ഇരട്ടിയാകും!

പതിനാറാം നൂറ്റാണ്ടിനു മുൻപ് മാവ്, പ്ലാവ് എന്നീ മരങ്ങൾക്കൊപ്പം നട്ടുവളർത്തിയിരുന്നതിൽ കവിഞ്ഞ് തെങ്ങുകൃഷി കേരളത്തിൽ വ്യാപകമായിരുന്നില്ലെന്നാണ് ചരിത്രം പറയുന്നത്. ഹോർത്തൂസ് മലബാറിക്കൂസ് രചിച്ച ഡച്ച് ഗവർണറായിരുന്ന വാൻ റീഡിന്റെ പരാമർശങ്ങളിൽ തെങ്ങിനേക്കാൾ കൂടുതലും ഉള്ളത് കരിമ്പനയാണ്. 'ഇടക്കിടക്ക് തലയാട്ടുന്ന കേരമരങ്ങൾ' എന്നു മാത്രമേ അദ്ദേഹം രേഖപ്പെടുത്തുന്നുള്ളൂ. പതിനേഴാം നൂറ്റാണ്ടിനുമുൻപ് അലക്ഷ്യമായി വളർന്നു വന്ന തെങ്ങുകൾ ഒഴിച്ചാൽ തെങ്ങ് കേരളത്തിൽ ശാസ്ത്രീയമായി കൃഷിചെയ്തിരുന്നില്ല എന്ന് കാണാം.

കേരളത്തിന്റെ തെങ്ങുകൃഷിയുടെനിർണായകമായ വഴിത്തിരിവ് ഡച്ചുകാരുടെ കാലത്താണ് ഉണ്ടായത്. തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും പല ഭാഗങ്ങളിലായി ചിതറിക്കിടന്നിരുന്ന 49 തെങ്ങിൻ തോപ്പുകൾ അവർക്കുണ്ടായിരുന്നത്രേ. ഡച്ചുകാർക്ക് വേണ്ടി നാട്ടുകാർ പരിപാലിച്ചു വന്ന ഈ തോട്ടങ്ങൾ മറ്റു കർഷകർക്ക് മാതൃകയായിത്തീരുകയാണുണ്ടായത്. വ്യവസ്ഥാപിതമായ കൃഷി എന്ന രീതിയിൽ കേരളത്തിൽ തെങ്ങുകൃഷി തുടങ്ങുന്നത് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മാത്രമാണ്. കേരളത്തിൽ ഇന്ന് കാണുന്ന രീതിയിൽ തെങ്ങുകൃഷി വർദ്ധിച്ചത് ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണെന്നും പണ്ഡിതർ പറയുന്നു.

പക്ഷേ, കൃഷിയെ സംസ്കാരവും ജീവിതചര്യയുമാക്കിയിരുന്ന ഒരു കൂട്ടായ്മയിലേക്ക് കടന്നുവന്നപ്പോൾ ദേശസംസ്കാരത്തിന്റെ ഹൃദയത്തിലേക്ക് വേരാഴ്ത്താൻ കൽപ്പവൃക്ഷത്തിന് ഏറെത്താമസിക്കേണ്ടി വന്നില്ല. മത-ജാതി ഭേദമില്ലാതെ മലയാളിയുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളിലേക്കും ആചാരാനുഷ്ഠാനങ്ങളിലേക്കും കടന്നുകയറിയ കൽപ്പവൃക്ഷം ഇന്ന് മലയാളീ ജീവിതത്തിൽനിന്ന് വിഭജിക്കാനാവാത്ത ഒന്നായി മാറിയിരിക്കുന്നു.

*(അവസാനിച്ചു)*

## കഥ



# പോക്കുവെയിൽ

ബി. ജോസുകുട്ടി

**ക**ടൽ തീരം വിജനമായിരുന്നു. അയാൾ തീരത്ത് കയറ്റിവെച്ചിരുന്ന വള്ളത്തിന്റെ തണലിലിരുന്നു. പൊള്ളുന്ന വെയിൽ നാളങ്ങൾ അയാളെ ഈറനണിയിച്ചിരുന്നു. കടലിൽ നിന്നും വീശിയ കാറ്റിന് ഒരു സാന്ത്വന സ്പർശത്തിന്റെ കുളിരുണ്ടായിരുന്നു.

കടലിന്റെ സമീപത്തു തന്നെയായിരുന്നു സാന്ത്വന തീരം എന്നു പേരുള്ള വൃദ്ധ സദനം. ആ കെട്ടിടത്തിന്റെ മുകൾ നിലയിൽ നിന്നുള്ള ജാലകക്കാഴ്ചകളിൽ നിന്നാണ് അതുവരെ അയാൾ കടൽ കണ്ടിരുന്നത്. പകൽ മുഴുവൻ ഭൂമിയെ അടക്കിഭരിച്ച സൂര്യന്റെ വിരഹ മുഹൂർത്തം. സാധാരണയായി കടൽ തീരത്തേക്ക് പോകാൻ വൃദ്ധ സദനത്തിൽ നിന്ന് ആരേയും അനുവദിച്ചിരുന്നില്ല. അതിനുള്ള സ്വാതന്ത്ര്യമില്ല. ഒരു തരത്തിലുള്ള തടവറ ജീവിതം യാന്ത്രികമായ ദിനചര്യകൾ. ഒന്നിനും കുറവു വരുത്താതെ അരുമയോടെ വളർത്തിക്കൊണ്ടുവന്ന മക്കളുടെ പണക്കാഴ്ചപ്പിൽ തന്നെ പരിചരിക്കുന്ന സാന്ത്വന തീരത്തിലെ ജീവനക്കാർ.

അയാൾക്ക് അസഹനീയമായ അസ്വസ്ഥത അനുഭവപ്പെട്ടു തുടങ്ങിയിരുന്നു. ഗേറ്റിലെ കാവൽക്കാരന്റെ കണ്ണു വെട്ടിച്ചാണ് പുറത്തേക്കിറങ്ങിയത്. കടൽത്തീരത്തേക്ക് നടക്കുക, കടലോളങ്ങളെ തൊടുക, അസ്തമയം കാണുക. അസ്തമയത്തിന് ഇനിയും സമയമുണ്ട്. കടൽത്തീരത്തേക്ക് സന്ദർശകർ വന്നു കൊണ്ടിരുന്നു. ഉപ്പുരസമുള്ള ഊഷ്മാവു കലർന്ന കാറ്റ് അയാളുടെ കണ്ണുകളിൽ സ്പർശിച്ചു കടന്നുപോയി. അയാളുടെ മിഴികളഞ്ഞു. കൺപീലികൾ സ്വപ്നമയൂരത്തിന്റെ തൂവലുകളായി.

കടപ്പുറത്തുവന്നിരുന്ന് ഉറങ്ങുകയാണോ?

ചിരിച്ചുകൊണ്ട് അവൾ അയാളെ തട്ടിയുണർത്തി. അടുത്തുവന്ന കപ്പലണ്ടിക്കാരനിൽ ഒരു പൊതി കപ്പലണ്ടി വാങ്ങി അവൾ അയാൾക്കു കൊടുത്തു.

'കഴിയുമ്പോഴെല്ലാം നമ്മുക്കിവിടെ വന്നിരിക്കണം - അവൾ പറഞ്ഞു.

അയാൾക്കും അത് സമ്മതമായിരുന്നു. പിന്നെ മിക്കവാറും ദിനങ്ങളിൽ അവരിവരും കടപ്പുറത്ത് വരും കാറ്റുകൊള്ളും കപ്പലണ്ടി കൊറിക്കും.

'മക്കളെയൊക്കെ നമ്മൾ ഒരു കരയ്ക്ക് എത്തിച്ചില്ലേ, നമ്മുക്കിനിയിത് രണ്ടാം മധുവിധു.

അയാൾ അതുപറയുമ്പോൾ അറുപതാം വയസിലും അവളുടെ കണ്ണുകൾ തിളങ്ങുന്നത് അയാൾ കണ്ടു.

പെട്ടെന്നായിരുന്നു അവളുടെ ആകസ്മിക വേർപാട്. എത്ര ശ്രമിച്ചിട്ടും ഒരു തുള്ളി കണ്ണീർ അയാളിൽ നിന്നു വന്നില്ല. വല്ലാത്താരു നിസംഗതയായിരുന്നു. പിന്നെ ഇരുണ്ട ശൂന്യതയും. പ്രവാസികളായ മക്കൾ ഒരു കടമ പോലെ എല്ലാം ചെയ്ത് മടങ്ങി. അവളുറങ്ങുന്ന മണ്ണും വീടും ആർക്കോ വിറ്റ് ഒരു കനത്ത തുക വൃദ്ധ സദനത്തിലടച്ച് തന്നെയുമേൽപ്പിച്ച് അവരുടെ തിരക്കുകളിലേക്ക് മടങ്ങിപ്പോയി. ആരേയും കുറ്റപ്പെടുത്താൻ തോന്നിയില്ല. ഇത് അവരുടെ കാലം അവരുടെ ലോകം.

'സാറെന്തു പണിയാ കാണിച്ചേ... എന്റെ ജോലി കളയല്ലേ... വന്നേ...

വൃദ്ധ സദനത്തിന്റെ കാവൽക്കാരൻ ക്രോധത്തോടെ അയാളെ കയ്യിൽ പിടിച്ചെഴുന്നേൽപ്പിച്ച് വൃദ്ധ സദനത്തിലേക്ക് കൊണ്ടുപോയി. ഒരു കുറ്റവാളിയെപ്പോലെ അയാൾ തല താഴ്ത്തി പിന്നാലെ നടന്നു. അസ്തമയ സൂര്യനെ പോലെ. പോക്കുവെയിലിൽ അയാളുടെ നിഴൽ മെല്ലെ മെല്ലെ അപ്രത്യക്ഷമാകുകയായിരുന്നു.






# കൊക്കോലോഗ് ബണ്ട് സംരക്ഷണത്തിന്റെ മികച്ച മാതൃക: മന്ത്രി പി. രാജീവ്

**കൊ**ക്കോലോഗ് ബണ്ട് സംരക്ഷണത്തിന്റെ മികച്ചൊരു മാതൃകയാണെന്ന് സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി അദ്ദേഹത്തിന്റെ ഫെയ്സ് ബുക്ക് പോസ്റ്റിൽ പറഞ്ഞു. ഇത്തരത്തിലുള്ള ബണ്ട് നിർമ്മാണം ആലപ്പുഴ ജില്ലയിൽ കാണാം. ചെമ്പകശേരി തോടിനോട് ചേർന്ന നെടുമുടി പാടശേഖരത്തിന്റെ ബണ്ട് കയർ ഭൂവസ്ത്രങ്ങളുപയോഗിച്ച് സംരക്ഷിക്കുന്ന പദ്ധതി പൂർത്തിയാകുകയാണ്. കയർ ഭൂവസ്ത്ര വിതാനത്തോടൊപ്പം തെങ്ങിൻകുറ്റികൾ സ്ഥാപിച്ച് കൊക്കോ ലോഗ് ഉപയോഗിച്ച് ബണ്ട് സംരക്ഷിക്കുന്ന രീതിയാണ് ഇവിടെ ഉപയോഗിച്ചത്.

കയർ വികസന വകുപ്പിന്റെ ഗവേഷണ സ്ഥാപനമായ ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിട്ട്യൂട്ട് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതിക്ക് കേരള സംസ്ഥാന കയർ കോർപ്പറേഷനാണ് ആവശ്യമായ സാമഗ്രികളും സഹായങ്ങളും നൽകിയത്.

ബണ്ടിന്റെ സംരക്ഷ ണത്തിനായി കയർ ഭൂവസ്ത്രത്തിനു മുകളിൽ ഗ്രാവൽ ഇട്ട് കൂടുതൽ ബലപ്പെടുത്തും. കോക്കോ ലോഗ് സ്ഥാപിച്ചതോടെ 15 വർഷങ്ങൾക്ക് ശേഷം പാടശേഖരത്തിൽ രണ്ടാം കൃഷി നടത്താൻ സാധിച്ചിട്ടുണ്ട്.

പദ്ധതിയെ സംബന്ധിച്ച് കൃഷിക്കാരായ നാട്ടുകാർ സംതൃപ്തി രേഖപ്പെടുത്തിയത് സന്തോഷകരമാണ്. കയർ ഭൂവസ്ത്ര പദ്ധതി കാർഷിക മേഖലയ്ക്കും പുതിയ ഉണർവും ഉത്സാഹവും നൽകുന്നുവെന്നത് കയർ മേഖലയുടെ വളർച്ചക്കും സഹായകമാണ് എന്നും മന്ത്രി പറഞ്ഞു.



*തൃശൂർ മാള ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാരുമായി ബ്ലോക്ക് പഞ്ചായത്തിൽ കയർ പ്രോജക്ട് ഓഫീസർ കൂടികാഴ്ച നടത്തുന്നു.*

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

Coirfed

Coirfed Deep Sleep MATTRESS



## കയർ ചാമ്പ്യൻ പദ്ധതി

കയർഫെഡ് ഭരണ സമിതി അംഗങ്ങൾ, കയർ വകുപ്പ് ജീവനക്കാർ കയർ സൊസൈറ്റി ജീവനക്കാർ, കയർഫെഡിലെ ഷോറൂം ഇതര ജീവനക്കാർ എന്നിവരെ കയർഫെഡ് ഉൽപ്പനങ്ങളുടെ ബ്രാൻഡ് അംബാസിഡറാക്കി വിപണനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ഇത്.

കയർഫെഡ് കയർ ചാമ്പ്യൻ

## എങ്ങനെ കയർ ചാമ്പ്യൻ അംഗമാകാം

കയർചാമ്പ്യൻ അംഗമാകാൻ താൽപര്യ മുള്ളവർ coirfedhomktg@gmail.comൽ (Contact: 8281009840, 9495605091) രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവർക്ക് ഒരു കോഡ്നമ്പർ നൽകുന്നതും ഈ കോഡ് നമ്പറിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉടനീളമുള്ള ഷോറുമുകളിൽ 1000 രൂപ (Advance for Mattress order) നൽകി ക്യാഷ് റെസീപ്റ്റ് വാങ്ങേണ്ടതാണ്

*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

## പദ്ധതി വിശദാംശങ്ങൾ

കയർ ചാമ്പ്യൻമാർ അവരുടെ സുഹൃത്തുക്കൾ, സമീപവാസികൾ, ബന്ധുമിത്രാദികൾ, വീടുകൾ, ഓഫീസുകൾ, ഫാക്ടറികൾ, സൊസൈറ്റികൾ മുഖേന കയർഫെഡ് മെത്തകൾ, കയർ മാറ്റ്സ്,ടഫ്റ്റഡ് മാറ്റ്സ്, എന്നിങ്ങനെ MRPപരസ്യപ്പെടുത്തിയ ഉത്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായിട്ടാണ് ഈ കൂപ്പൺ പദ്ധതി അവതരിപ്പിക്കുന്നത്.



*പദ്ധതി കാലയളവ്
ഡിസംബർ 6th 2021 മുതൽ
മാർച്ച് 7th 2022 വരെ
ആയിരിക്കും.

namasteads.com

Registration Form

SL.No:

കയർഫെഡ് കയർ ചാമ്പ്യൻ

പേര്.................................................

യൂണിറ്റ്..............................................

ഫോൺ................................................

അഡ്രസ് ..............................................

.......................................................

രജിസ്റ്റർ ചെയ്യുക :
coirfedhomktg@gmail.com,
mdcoirfed@gmail.com

സി . സുരേഷ് കുമാർ
മാനേജിങ് ഡയറക്ടർ

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം Coirfed

THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679 P.B.No.4616, Alappuzha Kerala, India.
Tel: 0477 2243627, 2243628 , 2243629, 2244109(D) www.ccirfed.in, Email: coirfedho@gmail.com, mdcoirfed@gmail.com

# കയർ ചാമ്പ്യൻ പദ്ധതി വിവരങ്ങൾ

കാലാവധി ഡിസംബർ 6th 2021 മുതൽ മാർച്ച് 7th 2022 വരെ.

കൂപ്പൺ മുഖ വില - MRP വില.

കൂപ്പൺ ഉപയോഗിച്ച് ഉപഭോക്താവ് ഷോറൂമിൽ നൽകേണ്ട വില MRPയിൽ നിന്നും 40% കുറച്ച തുക + ഉൽപ്പന്നത്തിന്റGST

## നിബന്ധനകൾ

- ഉത്പന്നവില കയർഫെഡ് ഷോറൂമുകളിൽ നൽകി ബിൽ വാങ്ങേണ്ടതാണ്.
- കയർ ചാമ്പ്യന്മാർ ഓർഡർ കാൻവാസിങ് മാത്രമേ ചെയ്യുവാൻ പാടുള്ളൂ.
- ഉത്പന്ന വില കയർഫെഡ് ഷോറൂമുകളിൽ നിന്നും ഉത്പ്പന്നം വാങ്ങുമ്പോൾ മാത്രം ഉപഭോക്താവ് നൽകേണ്ടതാണ്.
- ഈ കൂപ്പൺ സ്കീമിനെ സംബന്ധിച്ച അന്തിമ തീരുമാനം കയർഫെഡിന്റേതാണ്.
- ഈ കൂപ്പൺ ഉപയോഗിച്ച് കയർഫെഡ് മെത്തകൾ കയർ ചാമ്പ്യൻ കോഡ് രേഖപ്പെടുത്തി ഉപഭോക്താക്കളിൽ നിന്നും ഓർഡർ സ്വീകരിച്ച് ഷോറൂം വഴി വിൽപന നടത്തിയാൽ ചാമ്പ്യൻ ഇൻസെന്റീവ് ലഭിക്കുന്നതാണ്.
- സമ്മാനർഹമായ കൂപ്പണിൽ ചാമ്പ്യൻ കോഡ് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

1st Prize: 8 ഗ്രാം ഗോൾഡ് കോയിൻ (1 പവൻ)

2nd Prize: 4 ഗ്രാം ഗോൾഡ് കോയിൻ (1/2 പവൻ)

3rd Prize: 2 ഗ്രാം ഗോൾഡ് കോയിൻ (2 പേർക്ക്)

സമാശ്വാസ സമ്മാനം 100 കയർ ചാമ്പ്യന്മാർക്ക് വരെ ₹450 MRP വിലയുള്ള കയർ ടഫ്റ്റഡ് മാറ്റസ്

### കയർ ചാമ്പ്യനുള്ള ഇൻസെന്റീവ്

| SL. No: | മെത്തയുടെ പേര് | ഇൻസെന്റീവ് |
|---|---|---|
| 1 | സൂരജ് | ₹200/ബെഡ് |
| 2 | സൂരജ് ഗോൾഡ് | ₹300/ബെഡ് |
| 3 | സ്പ്രിങ് | ₹400/ബെഡ് |
| 4 | സ്റ്റാന്റേർഡ് | ₹200/ബെഡ് |

5 മെത്തയിൽ കൂടുതൽ ഉള്ള വില്പനയ്ക്ക് മെത്ത ഒന്നിന് 100/- രൂപ



*ഈ പദ്ധതി നിബന്ധനകൾക്ക് വിധേയം.

- സമ്മാനാർഹമായ കൂപ്പണിൽ ചാമ്പ്യൻ കോഡ് രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിൽ മാത്രമേ കയർ ചാമ്പ്യന്മാർക്ക് അതിനനുസൃതമായ മേൽപ്പറഞ്ഞ സമ്മാനങ്ങൾ ലഭിക്കുകയുള്ളൂ.
- കയർ ചാമ്പ്യന്മാർക്കുള്ള മെത്തയുടെ ഇൻസെന്റീവ് രൂപയോ, തതുല്യം വിലയ്ക്കുള്ള കയർഫെഡ് ഉൽപ്പന്നമോ നൽകുന്നതാണ്.

**Head Office. No :** +91 8281009840, +91 8281009828, +91 9495605091 | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 | **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Kanichukulangara :** 7306512891 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri (Tvm) :** 8281009847 | **Pathanamthitta :** 8281009873 | **Sreekaryam (Tvm) :** 9349109251

കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!




Cocofert Mattings Tiles

Mats Briquette Coco Pot



## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- | 07024347446 | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |

# പരമ്പരാഗത വ്യവസായ മേഖലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈത്താങ്ങാവും: മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ

പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനമായ കയർ വ്യവസായത്തിന് കൈത്താങ്ങാവുന്ന നടപടികളുമായാണ് തദ്ദേശ സ്വയംഭരണ വകുപ്പ് മുന്നോട്ടു പോവുന്നതെന്നും തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടുകൾക്ക് വേണ്ടി കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോ പോട്ട് ഉപയോഗിക്കാൻ നിർദേശം നൽകിയത് അതിന്റെ ഭാഗമായാണെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

ജൈവ പച്ചക്കറി കൃഷിയും പുഷ്പകൃഷിയും മറ്റും നടപ്പിലാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്ക് ചട്ടികളും ഗ്രോബാഗും കവറുകളുമാണ് മിക്കവാറും ഉപയോഗിച്ച് വരുന്നത്. ഉപയോഗശൂന്യമാവുമ്പോൾ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നവയാണ് ഇവ. പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കയർഫെഡിന്റെ പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ കൃഷി ചെയ്താൽ പാരിസ്ഥിതികമായ ഒരു പ്രശ്നവും ഉണ്ടാവാൻ സാധ്യതയില്ല. പരിസ്ഥിതി സൗഹൃദപരമായ നിലപാടിനൊപ്പം കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്ന സമീപനത്തിന്റെ ഭാഗമായി കൂടിയാണ് സർക്കാർ ഈ തീരുമാനവുമായി മുന്നോട്ടുപോവുന്നതെന്ന് മന്ത്രി വ്യക്തമാക്കി.






തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിടത്തിലും അല്ലാതെയും മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന ഏറോബിക് കമ്പോസ്റ്റിംഗ് സംവിധാനത്തിൽ മീഡിയനായി ഉപയോഗിക്കുന്ന കൊക്കോ ഗ്രീൻ, കയർ പിത്ത് കമ്പോസ്റ്റ് കൊക്കോ ഫെർട്ട്, കൊക്കോ പോട്ട് എന്നീ ഉത്പന്നങ്ങൾ ടെൻഡറോ, ക്വട്ടേഷനോ കൂടാതെ കയർഫെഡിൽ നിന്നും നേരിട്ട് വാങ്ങുന്നതിനായും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. നിലവിലുള്ള മാർക്കറ്റ് റേറ്റിനെക്കാൾ കൂടുതൽ നിരക്ക് ഇല്ലെന്ന് ഉറപ്പുവരുത്തിയാവണം വിപണനം നടത്തേണ്ടതെന്ന് മന്ത്രി പറഞ്ഞു.

ഭൂസംരക്ഷണത്തിനും തണ്ണീർത്തട പദ്ധതികളുടെ ഭാഗമായും നിലവിൽ കയർഭൂവസ്ത്രങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കയർ ഉത്പന്നങ്ങൾ ഉപയോഗിക്കുന്ന പ്രവണത വളർത്തുന്നതിലൂടെ കയർ വ്യവസായത്തെയും അതുവഴി ഉപജീവനം നടത്തുന്ന തൊഴിലാളികളെയും സംരക്ഷിക്കാനാണ് തദ്ദേശ സ്വയംഭരണവകുപ്പും സംസ്ഥാന സർക്കാരും ശ്രമിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

# ഉദ്ഘാടനം ചെയ്തു

- **പുതുവർഷ സ്വർണ്ണമഴ**
- **കയർ ചാമ്പ്യൻ**

**ഒരു വീട്ടിൽ**
**ഒരു കയർ ഉൽപ്പന്നം**




*കയർഫെഡിന്റെ പുതുവർഷ സമ്മാനകൂപ്പണും കയർ ചാമ്പ്യൻ പദ്ധതിയും മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ, കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, അഡീഷണൽ കയർ വികസന ഡയറക്ടർ ഹെലൻ ജറോം എന്നിവർ സമീപം.*

ഒരു വീട്ടിൽ ഒരു കയർ ഉത്പന്നം എന്ന പദ്ധതിയുടെ ഭാഗമായി കയർഫെഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതുവർഷത്തിൽ 40 ശതമാനം ഡിസ്കൗണ്ടും സ്വർണ്ണ സമ്മാനവും നൽകുന്ന കൂപ്പൺ പദ്ധതിയായ പുതുവർഷ സ്വർണ്ണമഴ, കയർ ചാമ്പ്യൻ എന്നീ പദ്ധതികൾ സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം പ്രസ് ക്ലബിൽ നടന്ന ഉദ്ഘാടനത്തിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷത വഹിച്ചു. കയർ അഡീഷണൽ ഡയറക്ടർ ഹെലൻ ജറോം, കയർഫെഡ് ബോർഡ് അംഗങ്ങളായ കഠിനംകുളം സാബു, ആർ. അജിത്ത് എന്നിവർ സംസാരിച്ചു. കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ സ്വാഗതവും മാർക്കറ്റിംഗ് മാനേജർ എം. അനുരാജ് നന്ദിയും പറഞ്ഞു. ആലപ്പുഴയിൽ കയർ മേഖലയിലെ തൊഴിലാളി യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചക്ക് ശേഷമാണ് ഒരു വീട്ടിൽ ഒരു കയറുത്പന്നം പദ്ധതി മന്ത്രി പ്രഖ്യാപിച്ചത്.




*കയർഫെഡിന്റെ കയർ ചാമ്പ്യൻ പദ്ധതി മന്ത്രി പി.രാജീവ് ലോഞ്ച് ചെയ്യുന്നു.*



*ചിറയിൻകീഴ് പെരുങ്കുഴിയിലെ പ്രായംചെന്ന കയർ തൊഴിലാളിയായ രമാമണിയെ മന്ത്രി പി. രാജീവ് തനിക്ക് ലഭിച്ച ഷോൾ അണിയിച്ച് ആദരിക്കുന്നു. കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ. സായികുമാർ സമീപം.*

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും റെയിൽവേ പ്രതിരോധ മേഖലകളിലും കയർഫെഡ് സാധ്യത ആരാഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. കയർഫെഡ് പുതുവർഷ സ്വർണ്ണമഴ കൂപ്പൺ പദ്ധതിയുടെ ഉദ്ഘാടനവും കയർഫെഡ് കയർ ചാമ്പ്യൻ പദ്ധതി പ്രഖ്യാപനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തദ്ദേശസ്വയംഭരണവകുപ്പ്വഴിഈവർഷം 121കോടി രൂപയുടെ കയർ ഭൂവസ്ത്രം ഉപയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു. ചകിരിഉത്പാദനത്തിൽസംസ്ഥാനം ഏറെ മുന്നിലെത്തി. കേരളത്തിലെ കയർ ഉത്പാദനത്തിന് ആവശ്യമായ ചകിരിയുടെ 48 ശതമാനവും ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങളിലും വൈവിധ്യവത്കരണത്തിലുമാണ് ഇനി ശ്രദ്ധകേന്ദ്രീകരിക്കേണ്ടത്. ആഭ്യന്തര മാർക്കറ്റ് കൂടുതൽ വിപുലപ്പെടുത്തണം. പരമ്പരാഗത വ്യവസായങ്ങൾക്ക് ഓൺലൈൻ പോർട്ടൽ രൂപീകരിക്കും. ഇതിന് നടപടികളായതായും അദ്ദേഹം പറഞ്ഞു.

കയർഫെഡിന്റെ ഷോറൂമുകളിൽ നിന്നും 2000 രൂപയോ അതിനു മുകളിലോ എം.ആർ.പി.യുള്ള മെത്തകൾ, കയർ മാറ്റ്സ്, കയർ ടഫ്റ്റഡ് മാറ്റ്സ് എന്നിവ വാങ്ങുമ്പോൾ കൂപ്പൺ സ്കീം പ്രകാരമുള്ള വിലകുറവ് ലഭിക്കുന്നതാണ്. ഈ കൂപ്പൺ നൽകി എം.ആർ.പി. വിലയിൽ നിന്നും 40 ശതമാനം ഡിസ്കൗണ്ടിൽ ഉപഭോക്താവിന് ഉത്പന്നങ്ങൾ വാങ്ങാവുന്നതാണ്. ഡിസ്കൗണ്ട് കിഴിച്ചുള്ള വിലയിൽ ഉത്പന്നത്തിന്റെ ജി.എസ്.ടി. ഉപഭോക്താവ് നൽകേണ്ടതാണ്.

കയർഫെഡിന്റെ ഷോറൂമുകളിൽ നിന്നും കയർ ഉത്പന്നങ്ങൾ വാങ്ങുന്നവർക്ക് വിലക്കുറവിന് പുറമെ സ്വർണ്ണ സമ്മാനം കൂടി നൽക്കുന്നതാണ് സ്വർണ്ണമഴ പദ്ധതി. ഇപ്രകാരമുള്ള കൂപ്പൺ നറുക്കെടുപ്പിലൂടെ വിജയികൾക്ക് താഴെപ്പറയുന്ന സമ്മാനങ്ങളും നൽകുന്നതാണ്.

* ഒന്നാം സമ്മാനം 3 പവൻ സ്വർണ്ണ നാണയം

* രണ്ടാം സമ്മാനം 2 പവൻ സ്വർണ്ണ നാണയം

* മൂന്നാം സമ്മാനം ഒരു പവൻ സ്വർണ്ണ നാണയം രണ്ട് പേർക്ക്

* സമാശ്വാസ സമ്മാനം ഒരു ഗ്രാം വീതം നൂറുപേർക്ക്

ഈ പദ്ധതി 2021 ഡിസംബർ 6 മുതൽ 2022 മാർച്ച് 7 വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. കയർ ചാമ്പ്യൻ പദ്ധതി, കയർഫെഡ് ഭരണസമിതി അംഗങ്ങൾ കയർ വകുപ്പ് ജീവനക്കാർ, കയർ സൊസൈറ്റി ജീവനക്കാർ കയർഫെഡ് ഷോറൂം ഇതര ജീവനക്കാർ എന്നിവരെ കയർഫെഡ് ഉത്പന്നങ്ങളുടെ ബ്രാൻഡ് അംബാസിഡർമാരായി വിപണനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്. കയർ ചാമ്പ്യൻ പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ളവർ കയർഫെഡ് ഷോറൂമുകളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എത്ര ഓർഡർ ക്യാൻവാസ് ചെയ്യുന്നോ അതിനുള്ള ഇൻസെന്റീവ് നൽകും.


കയറുത്പന്നങ്ങളുടെ വിപണനത്തിനായി കയർഫെഡ് ആവിഷ്കരിച്ചിട്ടുള്ള പുതുവർഷ സ്വർണ്ണമഴ പദ്ധതിയും കയർ ചാമ്പ്യൻ പദ്ധതിയും വിജയിപ്പിക്കുന്നതിന് എല്ലാവരും കയർ ഉത്പന്നങ്ങൾ വാങ്ങി സഹായിക്കണമെന്ന് കയർഫെഡ് മാനേജ്മെന്റ് അഭ്യർത്ഥിച്ചു.



*കയർഫെഡിന്റെ ഒരു വീട്ടിൽ ഒരു ഒരു കയർ ഉത്പന്നം', പുതുവർഷ സ്വർണ്ണ മഴ-കയർ കൂപ്പൺ മന്ത്രി പി. രാജീവ് ലോഞ്ച് ചെയ്യുന്നു.*



*കയർഫെഡിന്റെ പുതുവർഷ സമ്മാനകൂപ്പണും കയർ ചാമ്പ്യൻ പദ്ധതിയും ഉദ്ഘാടനം ചെയ്യാനെത്തിയ വ്യവസായ നിയമ കയർ മന്ത്രി പി. രാജീവിനെ കയർഫെഡ് ഡയറക്ടർ ബോർഡ് അംഗം കഠിനംകുളം സാബു സ്വീകരിക്കുന്നു.*




# ജൈവകൃഷിക്ക് കയർഫെഡിന്റെ കൊക്കോപോട്ട്

**ത**ദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക പ്രൊജക്റ്റുകൾക്ക് ഇനി മുതൽ കയർ ഫെഡിൽ നിന്നുള്ള കോക്കോ പോട്ട് ഉപയോഗിക്കാൻ തീരുമാനമായി. തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കാൻ സംസ്ഥാന സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായാണ് ജൈവപച്ചക്കറി കൃഷിക്ക് പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കൊക്കോ പോട്ട് ഉപയോഗിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. ഇത്തരത്തിലൊരു നിർദേശം നൽകിയ ബഹു. തദ്ദേശ സ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്ററുടെ നടപടിയിൽ സന്തോഷം രേഖപ്പെടുത്താൻ കൂടി ഈ അവസരം വിനിയോഗിക്കുന്നു.

പ്ലാസ്റ്റിക് ചട്ടികളും ഗ്രോബാഗും വ്യാപകമായി ഉപയോഗിക്കപ്പെടുന്നതിലൂടെയുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ കോക്കോ പോട്ട് ഉപയോഗിക്കുന്നതിലൂടെ പരിഹാരമാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിടത്തിലും അല്ലാതെയും മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്ന ഏറോബിക് കമ്പോസ്റ്റിംഗ് സംവിധാനത്തിൽ മീഡിയനായി ഉപയോഗിക്കുന്ന കൊക്കോ ഗ്രീൻ, കയർ പിത്ത് കമ്പോസ്റ്റ് കൊക്കോ ഫെർട്ട്, കൊക്കോ




പോട്ട് എന്നീ ഉത്പന്നങ്ങൾ ടെൻഡറോ, കൊട്ടേഷനോ കൂടാതെ കയർഫെഡിൽ നിന്നും നേരിട്ട് വാങ്ങാം. പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചക്കായി കൂടുതൽ വിഷയങ്ങളിൽ സഹകരണം സാധ്യമാകുമോ എന്ന കാര്യവും പരിശോധിക്കുന്നതാണ്.

*Best Compliments from*

**SREEKRISHANA COIR WORKS**

**MAHADEVIKKAD**

**Mob: 9446711524**

*Best Compliments from*

**ASWIN COIRS**

**202/91, RAJAMIL ROAD**
**POLLACHI,**
**TAMIL NADU-642 001**
**Ph : 9961039523**

*Best Compliments from*

**CLADIS PVT LTD**

**18/320 A, PADUPURAM**
**THEYYAPAARA P.O,**
**KONDANCHERY**
**CALICUT - 673 580**
**Mob: 9446646648**

*Best Compliments from*

**DAP ENTERPRISES**

**COIR FIBER & COCOPITH**
**MALAMALKAVU WATER**
**TANK RD KUDALLUR**
**Mob: 9048294532**

# 2021: കയർമേഖലയുടെ നാൾവഴികൾ






എൻ. പത്മകുമാർ
ഐ.എ.എസ്(റിട്ട.)



വി.ആർ. വിനോദ്
ഐ.എ.എസ്.


**ഇ**ടതുപക്ഷ സർക്കാരിന് കീഴിൽ പൊതുവിൽ കയർ മേഖലയും വിശിഷ്യാ കയർഫെഡും ഉത്തോരത്തരം പുരോഗമിക്കുന്ന ഘട്ടത്തിലാണ് 2021 കടന്നു വന്നത്. 2021 ആദ്യമാസം തന്നെ കയർ മേഖലയിൽ ദീർഘകാലത്തെ അനുഭവസമ്പത്തുമുള്ള എൻ. പത്മകുമാർ ഐ.എ.എസ് (റിട്ട.)നെ കയർ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തെപ്പറ്റി പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കയർ വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറിസ്ഥാനത്തു നിന്ന് പടിയിറങ്ങിയ ഈ ഐ.എ.എസുകാരന്റെ സേവനം കയർ മേഖലക്ക് അനിവാര്യമാണെന്നു കണ്ട് സംസ്ഥാന സർക്കാർ അദ്ദേഹത്തെ പുതിയ തസ്തികയിൽ നിയമിക്കുകയായിരുന്നു. കയർ മേഖലയെ ചുറുചുറുക്കോടെ നയിക്കാൻ പ്രാപ്തനായ വി.ആർ. വിനോദ് ഐ.എ.എസിനെ കയർ വികസന ഡയറക്ടറായി സർക്കാർ വർഷാദ്യം തന്നെ നിയമിക്കുകയും ചെയ്തു.

കയർ മേഖലക്ക് മുന്തിയ പരിഗണന നൽകിയ രണ്ടു ബജറ്റുകൾ അവതരിപ്പിക്കപ്പെട്ട വർഷം കൂടി ആയിരുന്നു 2021. ആദ്യ ബജറ്റ് ജനുവരി 15ന് അന്നത്തെ ധനകാര്യ മന്ത്രി ഡോക്ടർ തോമസ് ഐസക്കാണ് അവതരിപ്പിച്ചത്. രണ്ടാം കയർ പുനസംഘടനയുടെ അടിത്തറയിൽ നിന്നുകൊണ്ട് കയർ മേഖലയെ കൂടുതൽ ഉയരത്തിലേക്ക് കൈപിടിച്ചുയർത്താനും കമ്പോളത്തിലെ മത്സരത്തെ അതിജീവിക്കുവാനും പ്രാപ്തമാക്കുന്നതുമായിരുന്നു ആ ബജറ്റ്.

കയർ മേഖലക്കായി 112 കോടി രൂപയാണ്  ബജറ്റിൽ നീക്കിവെച്ചിരുന്നത്. ഇതിൽ തന്നെ 41 കോടി യന്ത്രവത്കരണത്തിനും 38 കോടി വിലസ്ഥിരതാ ഫണ്ടിനുമായിരുന്നു. ഇതിന് പുറമേയാണ് ക്ലസ്റ്റർ രൂപീകരണത്തിന് 50 കോടിയും എൻ.സി.ഡി.സി വഴി ലഭിക്കുന്ന 100 കോടി രൂപയും. ചെറുകിട ഉത്പന്ന നിർമ്മാണ യൂണിറ്റുകൾക്കായി മറ്റൊരു 20 കോടി രൂപയും നീക്കിവെച്ചിരുന്നു. ഇതിനെല്ലാം പുറമേ പരമ്പരാഗത കയർ പിരിത്തൊഴിലാളികളുടെ വരുമാനപൂരക പദ്ധതിക്കും തുക നീക്കിവെച്ചിട്ടുണ്ടായിരുന്നു. കണിച്ചുകുളങ്ങരയിലെ കയർ ബൈൻഡർ ലെസ് ബോർഡ് ഫാക്ടറിയും, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കയർ ആന്റ് ക്രാഫ്റ്റ് ഷോപ്പ് ശൃംഖലയും അടക്കം നിരവധി പദ്ധതികൾ ഈ ബജറ്റ് മുന്നോട്ടുവെച്ചു. പരമ്പരാഗത കയർപിരി കേന്ദ്രങ്ങളെ ആധുനിക ഫാക്ടറികളായി മാറ്റുന്നതും അവക്ക് ശാസ്ത്ര-സാങ്കേതിക വിദ്യാവ്യാപനത്തിലൂടെ മെച്ചപ്പെട്ട തൊഴിൽ  അന്തരീക്ഷവും വേതനവും ഉറപ്പുവരുത്തുന്ന സർവതല സ്പർശിയായ കാമ്പും  കരുത്തുമുള്ള ബജറ്റായിരുന്നു കയർ വ്യവസായത്തിന്റെ കൂടി ചുമതല വഹിച്ചിരുന്ന മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റേത്.

ഇതിനു പുറമേ ജൂൺ മാസം നാലാം തീയതി രണ്ടാം പിണറായി സർക്കാരിലെ





ധനമന്ത്രി കെ.എൻ. ബാലഗോപാൽ സഭയിൽ പുതുക്കിയ ബജറ്റ് അവതരിപ്പിച്ചു. തന്റെ മുൻഗാമി ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ നേരത്തെ ബജറ്റ് തയാറാക്കിയപ്പോൾ മുൻകൂട്ടി കാണാൻ കഴിയാതിരുന്ന ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക വെല്ലുവിളികളെ നേരിടാനാണ് പുതിയ ബജറ്റ് അവതരിപ്പിച്ചതെന്നും അദ്ദേഹം ബജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു. പ്രത്യേക കയർ കവർ തപാൽവകുപ്പ് പുറത്തിറക്കിയതും ഡൽഹിയിൽ നടന്ന റിപ്പബ്ലിക്ദിന പരേഡിൽ കേരളത്തിലെ പരമ്പരാഗത കയർനിർമ്മാണം പ്രധാന പ്രമേയമാക്കി ഫ്ളോട്ട് അവതരിപ്പിച്ചതും 2021 ജനുവരിയിലായിരുന്നു.

ചരിത്രത്തിലെ ആദ്യ അന്തർദേശീയ വിർച്വൽ വിപണനമേളയായ കയർ കേരള 2021 ആയിരുന്നു ഫെബ്രുവരിയിൽ അരങ്ങേറിയത്. മഹാവിപണന മേളയുടെ ഈ ഒൻപതാം പതിപ്പ് മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്തത്. കയറും മറ്റ് പ്രകൃതി ദത്തനാരുകളും കൊണ്ട് നിർമ്മിച്ച ഉത്പന്നങ്ങളുടെ ഡിജിറ്റൽ പ്രദർശന- വിൽപനയേടൊപ്പം വിവിധ സമ്മേളനങ്ങൾ, വെബിനാറുകൾ, കലാപരിപാടികൾ എന്നിവയും മേളക്കനുബന്ധമായി സംഘടിപ്പിച്ചിരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് നടന്ന ഏറ്റവും വലിയ ഓൺലൈൻ ബിസിനസ് മീറ്റായ കയർ കേരള 2021 ആറു ലക്ഷത്തോളം പേർ വീക്ഷിച്ചു. 1,267 വിദേശ വ്യാപാരികളും 11,471 ആഭ്യന്തര വ്യാപാരികളും പങ്കെടുത്ത കയർ കേരളയിൽ 616 കോടി രൂപയുടെ ഓർഡറുകളാണ് ലഭിച്ചത്. മേളയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എം.എൻ.ആർ.ഇ.ജി.എസ് എന്നിവയുമായി ചേർന്ന് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിൽപനക്കുള്ള ധാരണാപത്രം ഒപ്പിട്ടു.15,000 ടൺ കയർ ഭൂവസ്ത്ര ഓർഡർ മേളയുടെ ഭാഗമായി വിദേശത്തു നിന്നും ലഭിക്കുകയും ചെയ്തു.

ജനുവരിയിൽ കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 6 കോടി രൂപയും ഫെബ്രുവരിയിൽ കടാശ്വാസ പദ്ധിക്കായി 25 കോടിയുടെ ഭരണാനുമതിയും 19 കോടി രൂപയുടെ ധനാനുമതിയും ലഭിച്ചു.

മുഹമ്മ ലെബറേഴ്സ് സംഘത്തിലെ ഫാക്ടറിയുടെ ശിലാസ്ഥാപനം, കയർഫെഡ് തുമ്പൂർ ചകിരി മില്ലിന്റെ ഉദ്ഘാടനം, കയർഫെഡും കുടുംബശ്രീയും ചേർന്ന് ആലപ്പുഴയിൽ ആരംഭിച്ച കയർ ആന്റ് ക്രാഫ്റ്റ് ഷോറൂമിന്റെ ഉദ്ഘാടനം, വടവന്നൂരിലെ കയർഫെഡ് ഡീഫൈബറിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം, കഞ്ഞിക്കുഴിയിലെ ചെറുവാരണം കയർസംഘത്തിൽ നടന്ന മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളെ യന്ത്രവത്കൃത ഫാക്ടറികളായി മാറ്റുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം, പെരുങ്ങുഴി കയർ വ്യവസായ സംഘത്തിൽ കെട്ടിട നിർമ്മാണ ശിലാസ്ഥാപനം എന്നിവയൊക്കെ ഫെബ്രുവരിയുടെ സന്തോഷങ്ങളായി മാറി.

*(തുടരും)*



# കയർ ഭൂവസ്ത്ര വിനിയോഗം അവലോകന സെമിനാറുകൾ –3

ആലപ്പുഴയിൽ നടന്ന കയർ വെർച്ചൽ കയർ കേരളയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലായി നടത്തിയ കയർഭൂവസ്ത്ര സെമിനാറുകളിൽ ആകെ 121 കോടി രൂപയുടെ കയർ ഭൂവസ്ത്രം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി കയർ വികസന വകുപ്പ് ധാരണാ പത്രം ഒപ്പിട്ടിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം നിശ്ചലമാവുകയും കയർ ഭൂവസ്ത്ര വിനിയോഗവും സ്തംഭിക്കുന്ന അവസ്ഥ സംജാതമായി.

ഈ സാഹചര്യത്തിൽ കയർ സംഭരണവും വിപണനവും വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയുണ്ടായി. രണ്ടാം പിണറായി സർക്കാരിൽ വ്യവസായ നിയമ കയർ മന്ത്രിയായ പി. രാജീവ് ഈ വിഷയത്തിൽ വളരെ ഗൗരവപൂർവം ഇടപെടുകയും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് കയർ ഭൂവസ്ത്ര വിനിയോഗം ഊർജിതപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മന്ത്രിയുടെ നിർദ്ദേശാനുസരണം കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കയർ ഭൂവസ്ത്ര വിനിയോഗം സംബന്ധിച്ച് രണ്ടാംഘട്ട സെമിനാറുകൾ സംഘടിപ്പിച്ചു.

സെമിനാറുകളിൽ പഞ്ചായത്ത് ഭരണസമിതി ഭാരവാഹികളും ഉദ്യോഗസ്ഥരും പങ്കെടുക്കുകയും കയർഭൂവസ്ത്ര വിനിയോഗം വ്യാപിപ്പിക്കുന്നതിനുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം വിവിധ ജില്ലകളിൽ നടന്ന കയർ ഭൂവസ്ത്ര സെമിനാറുകളുടെ റിപ്പോർട്ടിന്റെ രണ്ടാം ഭാഗം കഴിഞ്ഞ ലക്കം കയർ വ്യവസായം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് നടന്ന സെമിനാറുകളുടെ റിപ്പോർട്ടാണ് ഇവിടെ ചേർക്കുന്നത്.

## പത്തനംതിട്ട ജില്ല



*പത്തനംതിട്ട ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ ഉദ്ഘാടനം ചെയ്യുന്നു. പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ, കയർ വികസന അഡീഷണൽ ഡയറക്ടർ ഹെലൻ ജെറോം തുടങ്ങിയവർ സമീപം.*

കയർ വികസന വകുപ്പ് മുന്നോട്ടു വച്ചിട്ടുള്ള പദ്ധതികൾ പത്തനംതിട്ട ജില്ലയിൽ മെച്ചപ്പെട്ട നിലയിൽ നടത്താനുള്ള തീരുമാനങ്ങൾ ഉണ്ടാകണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ കയർഭൂവസ്ത്ര വിതാന പദ്ധതി സെമിനാർ കുമ്പഴ ഹോട്ടൽ ഹിൽസ് പാർക്കിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കയർ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ഹെലൻ ജെറോം മുഖ്യപ്രഭാഷണം നടത്തി. പത്തനംതിട്ട ജില്ലയിലെ 8 ബ്ലോക്ക് പഞ്ചായത്തിലേയും 53 ഗ്രാമ പഞ്ചായത്തിലെയും പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. പത്തനംതിട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർ, പത്തനംതിട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ സെമിനാറിന് ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

2021–22ൽ മികച്ച രീതിയിൽ കയർഭൂവസ്ത്രവിതാനം നടത്തി വരുന്ന ഗ്രാമ പഞ്ചായത്തുകളായ ഏഴംകുളം, പള്ളിക്കൽ, വള്ളിക്കോട്, കൊടുമൺ പഞ്ചായത്തുകളെ മെമന്റോ നൽകി ആദരിച്ചു.




*പത്തനംതിട്ട ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ. എസ്. സംസാരിക്കുന്നു.*



*പത്തനംതിട്ട ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾ.*

തൊഴിലുറപ്പും കയർ ഭൂവസ്ത്ര സംയോജിത പദ്ധതിയും സാധ്യതകളും സംബന്ധിച്ച് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ എൻ. ഹരിയും കയർ ഭൂവസ്ത്രവിതാനം - സാങ്കേതികവശങ്ങൾ എന്ന വിഷയത്തെ സംബന്ധിച്ച് കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ ടെക്നിക്കൽ സർവീസ് പ്രൊവൈഡർ ജ്യോതികുമാറും ബാംബൂ കോർപ്പറേഷൻ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് ശ്രീജിത്തും ക്ലാസുകൾ നയിച്ചു.

തുടർന്ന് കയർ ഭൂവസ്ത്ര വിതാന പദ്ധതി പ്രകാരം ധാരണപത്രം ഒപ്പുവച്ചതനുസരിച്ചുള്ള ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി നവംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ഭൂവസ്ത്രത്തിന്റെ ഓർഡർ ലഭ്യമാക്കുന്നതു സംബന്ധിച്ചും പദ്ധതി നിർവഹണ തടസങ്ങൾ ദൂരികരിക്കുന്നതു സംബന്ധിച്ചും ഓരോ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്പ്രതിനിധികളുടെ ഗ്രൂപ്പ് തരംതിരിച്ചുള്ള ചർച്ച നടത്തി. കയർ ഭൂവസ്ത്ര വിതാന പദ്ധതി പ്രകാരം 2021-22ൽ ജില്ലയിലെ 53 ഗ്രാമ പഞ്ചായത്തുകളിൽ 13,60,545 ച: മീറ്റർ കയർ ഭൂവസ്ത്രം വിതാനിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ടി ധാരണാപത്ര പ്രകാരം 38 ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് നാളിതുവരെ 3,45,009.3 ച: മീറ്റർ കയർ ഭൂവസ്ത്രത്തിന് കയർ കോർപ്പറേഷന് ഓർഡർ നൽകുകയുമുണ്ടായി. 637245.76ച: മീറ്റർ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ചർച്ച ചെയ്തു തീരുമാനമെടുത്തു.

മഴമൂലം വെള്ളക്കെട്ടായതിനാൽ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസമുണ്ടാകുന്നു എന്ന് ഗ്രൂപ്പു ചർച്ചയിൽ പ്രതിനിധികൾ അറിയിക്കുകയുണ്ടായി. ഈ തടസം മാറിക്കിട്ടിയാൽ മാർച്ച് മാസത്തോടെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സാധ്യമാകുമെന്നും ഉറപ്പു നൽകി. കയർ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ പ്രദർശന മേളയും പത്തനംതിട്ട ജില്ലയിലെ കയർ ഭൂവസ്ത്രവിതാനം നടത്തിയ പഞ്ചായത്തുകളുടെ ഫോട്ടോ പ്രദർശനവും സെമിനാറിനെ ആകർഷകമാക്കി. പതിവിൽ നിന്നും വിപരീതമായി പ്രതിനിധികൾക്ക് കയർ ഉത്പന്നങ്ങളടങ്ങിയ ഗിഫ്റ്റ് നൽകണമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കയർ കോർപ്പറേഷന്റെ മാറ്റുകളടങ്ങിയ ഗിഫ്റ്റ് നൽകിയത് വേറിട്ട ഒരു അനുഭവുമായി. കൊല്ലം കയർ പ്രോജക്ട് ഓഫീസർ സ്വാഗതവും അസി. രജിസ്ട്രാർ നന്ദിയും പറഞ്ഞു.

# കോട്ടയം ജില്ല




*കോട്ടയം ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി ഉദ്ഘാടനം ചെയ്യുന്നു*

**വൈ**ക്കം കയർ പ്രോജക്ടിനു കീഴിൽ വരുന്ന കോട്ടയം ജില്ലയിലെ കയർ ഭൂവസ്ത്ര സെമിനാർ 2 സെഷനുകളിലായി ഏറ്റുമാനൂർ കെ.എൻ.ബി. ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ പി.എസ്. ഷിനോയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ ആദ്യ സെഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മിയും സെക്കന്റ് സെഷൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് ബിനു ജോണും ഉദ്ഘാടനം ചെയ്തു.

പ്രൊജക്ട് ഓഫീസർ എസ്. സുധാവർമ്മ സ്വാഗതവും, രമേഷ്, പി. ജില്ലാ കോ - ഓർഡിനേറ്റർ ഹരിത കേരളം, കെ.ബി. രമ, മെമ്പർ, അപെക്സ് ബോഡി ഫോർ കയർ, പി.വി.ശശീന്ദ്രൻ എം.ഡി. ഫോമിൽ വിവിധ ബ്ലോക്ക് പ്രസിഡന്റുമാർ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. എം.ജി.എൻ.ആർ. ഇ. ജി.എസ് ജെ. പി.സി പി.എസ്. ഷിനോ, മോഹനൻ എ.ജി., പ്രോജക്ട് എന്നിവർ ക്ലാസുകൾ നയിച്ചു. അസിസ്റ്റന്റ് രജിസ്ട്രാർ ഡി. സുധാമണി നന്ദി രേഖപ്പെടുത്തി.

ബ്ലോക്ക് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ നടന്ന ഗ്രൂപ്പുതല ചർച്ചയിൽ കോട്ടയം ജില്ലയിലെ 65 പഞ്ചായത്തുകൾ അടുത്ത 3 മാസങ്ങളിലായി 3,37,198 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനു തീരുമാനമെടുത്തു. മുൻ വർഷങ്ങളെ അപേക്ഷിച്ച് കാര്യമായ വർദ്ധനവ് കയർ ഭൂവസ്ത്ര വിനിയോഗത്തിൽ ഉണ്ടാവും എന്നത് കയർ മേഖലയ്ക്ക് ശുഭപ്രതീക്ഷ നൽകുന്നു.



*കോട്ടയം ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾ.*

# ഇടുക്കി ജില്ല

**ക**യർ വികസന വകുപ്പിന്റെയും ഇടുക്കി ജില്ലാ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെയും സംയുക്ത ആഭിമുഖത്തിൽ കയർ ഭൂവസ്ത്ര പദ്ധതി അവലോകന സെമിനാർ ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി കെ. ഫിലിപ്പ് സെമിനാർ ഉദ്ഘാടനം ചെയ്തു. കയർ വികസന അഡീഷണൽ ഡയറക്ടർ ഹെലൻ ജറോം അദ്ധ്യക്ഷത വഹിച്ചു. കയർ പ്രോജക്ട് ഓഫീസർ എസ്. സുധാവർമ്മ സ്വാഗതം പറഞ്ഞു. ഹരിത കേരളം ജില്ലാ കോ-ഓർഡിനേറ്റർ പി. രമേഷ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ബിൻസ് സി. തോമസ് അരുൺ ചന്ദ്രൻ, കയർ



*ഇടുക്കി ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ  ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജിജി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു. കയർ വികസന അഡീഷണൽ ഡയറക്ടർ ഹെലൻ ജെറോം, കയർ പ്രോജക്ട് ഓഫീസർ സുധാ വർമ്മ തുടങ്ങിയവർ സമീപം.*

കോർപ്പറേഷൻ എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുത്ത് വിശദീകരണങ്ങൾ നൽകി.

ഇടുക്കി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം. ലതീഷ് (പ്രസിഡന്റ് ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്) എന്നിവർ സെമിനാറിന് ആശംസകൾ നേർന്നു സംസാരിച്ചു. തൊഴിലുറപ്പും കയർ ഭൂവസ്ത്ര സാങ്കേതിക സാധ്യതകളും സംബന്ധിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ബിൻസ് സി. തോമസ്, കയർ ഭൂവസ്ത്ര വിതാനം സാങ്കേതിക വശങ്ങൾ സംബന്ധിച്ച് കയർ കോർപ്പറേഷൻ പ്രതിനിധി അരുൺ ചന്ദ്രൻ എന്നിവർ ക്ലാസ് എടുത്തു.

സെമിനാറിൽ 49 പഞ്ചായത്തിൽ നിന്നായി വരുന്ന 3 മാസങ്ങളിലായി 1,97,600 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിന് ധാരണയായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷങ്ങളിൽ നിന്നും മികച്ച പ്രതികരണം ഇത്തവണ പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്.

# മലപ്പുറം ജില്ല



*മലപ്പുറം ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ ഉദ്ഘാടനം ചെയ്യുന്നു. ഡിസ്ട്രിക്ട് ഡെവലപ്മെൻറ് കമ്മിഷണർ എസ്. പ്രേം കൃഷ്ണൻ ഐ.എ.എസ് തുടങ്ങിയവർ സമീപം*

**മ**ണ്ണു-ജല സംരക്ഷണത്തിനായി കയർ വികസന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ, തദ്ദേശ ഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കയർ ഭൂവസ്ത്ര വിതാന പദ്ധതികളെ സംബന്ധിച്ചുള്ള ഏകദിന സെമിനാർ മലപ്പുറം ഹാജിയാർ പള്ളി താജ് ഓഡിറ്റോറിയത്തിൽ  വച്ചു നടത്തുകയുണ്ടായി.

ഡിസ്ട്രിക്ട്ഡെവലപ്മെൻറ്കമ്മിഷണർഎസ്.പ്രേം കൃഷ്ണൻ ഐ.എ.എസിന്റെ അധ്യക്ഷതയിൽ നടന്ന സെമിനാർ ജില്ലാ  പഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ 91 പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ സെക്രട്ടറിമാർ എന്നിവർ സെമിനാറിൽ പങ്കെടുത്തു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ പി.ജി.വിജയകുമാർ, കയർ വികസന വകുപ്പ് ഡെപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ,

മോഹനൻ, ഫോമാറ്റിംഗ്സ്, സി. അഭിഷേക്, എൻ.സി.ആർ.എം.ഐ, അനീഷ് എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു. തുടർന്ന് ജില്ലയിലെ 15 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാരുടെ നേതൃത്വത്തിൽ 15 ഗ്രുപ്പുകളായി തിരിഞ്ഞ് പദ്ധതി അവലോകനം നടത്തി. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബി.ഡി.ഓ മാർ ചർച്ച ക്രോഡീകരിച്ച് അവതരിപ്പിച്ചു.

പൊന്നാനി കയർ പ്രോജെക്റ്റിൽ കയർ ഭൂവസ്ത്ര പദ്ധതി 2019–20 ൽ 128735 ച. മീ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020 –21ൽ 94 പഞ്ചായത്തിൽ 12,24,490 ച. മീ ധാരണാപത്രം ഒപ്പു വെച്ചിരുന്നു. ആയതിൽ 1125,457 ഓർഡർ സെമിനാർ തീയതിക്കു മുമ്പ് ലഭിച്ചിരുന്നു.

സെമിനാർ തിയതിയിൽ 5,48,621 ച. മീ ഭൂവസ്ത്ര പദ്ധതി ഡിസംബറിനകം നടപ്പാക്കുന്നതിന് പഞ്ചായത്തുകൾ തീരുമാനമെടുത്തു. പൊന്നാനി കയർ പ്രോജക്ട് ഓഫീസർ ബി. ശശീന്ദ്രൻ സ്വാഗതവും അസി. രജിസ്ട്രാർ കെ.ജി. വിശ്വംഭരൻ നന്ദിയും പറഞ്ഞു.

# വയനാട് ജില്ല



*വയനാട് ജില്ലാ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്യുന്നു. സുൽത്താൻ ബത്തേരി ബ്ലോക്ക് പ്രസിഡന്റ് സി. അസൈനാർ, പനമരം ബ്ലോക്ക് പ്രസിഡന്റ് ഗിരിജാ കൃഷ്ണൻ, തൊഴിൽ ഉറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ അംഗം അനസ് റോസ്ന സ്റ്റഫി തുടങ്ങിയവർ സമീപം.*



*വയനാട് ജില്ലാ കയർ ഭൂവസ്ത്ര സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾ.*

**ക**യർ പ്രോജക്ട് ഓഫീസ് കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ വയനാട് ജില്ലാ മിഷനുമായി ചേർന്ന് ഏകദിന സെമിനാർ വയനാട് മീനങ്ങാടി ഗ്രാമ പഞ്ചായത്ത് ഹാളിൽ നടന്നു. സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ ഉദ്ഘാടനം ചെയ്തു. സുൽത്താൻ ബത്തേരി ബ്ലോക്ക് പ്രസിഡന്റ് സി.അസൈനാർ അധ്യക്ഷനായിരുന്നു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എച്ച്.ബി. പ്രദീപ് മാസ്റ്റർ (പ്രസിഡന്റ് ഇടവക ഗ്രാമ പഞ്ചായത്ത്) മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ അംഗം അനസ് റോസ്ന സ്റ്റഫി (പെഴുത ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്) ഡെ. ഡയറകൂർ പഞ്ചായത്ത് ജയരാജൻ. പി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

മീനങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഇ.കെ. വിജയൻ. പനമരം ബ്ലോക്ക് പ്രസിഡന്റ് ഗിരിജാകൃഷ്ണൻ എന്നിവർ സന്നിഹിതരായിരുന്നു. കയർ ഭൂവസ്ത്ര പദ്ധതി സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ച്

എ.ജി. മോഹൻ (ഫോമിൽ), തൊഴിൽ ഉറപ്പ് പദ്ധതി യുടെ സാധ്യതകൾ സംബന്ധിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജെ.പി.സി. പി. ജോസഫും ചർച്ചാക്ലാസുകൾ നയിച്ചു. ചടങ്ങിൽ കോഴിക്കോട് പ്രോജക്ട് ഓഫീസർ പി.ആർ. സിന്ധു സ്വാ ഗതവും, അസി.രജിസ്ട്രാർ .ശശികുമാർ നന്ദിയും പറ ഞ്ഞു. കയർ വികസന ഡയറക്റ്ററിൽ നിന്നും മഹേഷ്, പ്രശാന്ത്, ഉനൈസ്, രാജി എന്നിവർ പങ്കെടുത്തു.

6.38 ലക്ഷം ചതുരശ്ര മീറ്റർ ഭൂവസ്ത്രത്തിന് ധാര ണാ പത്രം ഒപ്പുവച്ചതിൽ 3.26 ലക്ഷം സ്ക്വയർ മീറ്റ റിന്റെ ഓർഡർ ഇതിനോടകം ലഭ്യമായി. 1.69 ലക്ഷം ചതുരശ്ര മീറ്റർ കൂടി ഡിസംബറിനകം നടപ്പാക്കാൻ ഗ്രൂപ്പ് ചർച്ചയിൽ ധാരണ ആയി.

സെമിനാറിനോടനുബന്ധിച്ച് ഫോട്ടോ പ്രദർശനം, ഉല്പന്നങ്ങളുടെ പ്രദർശനം എന്നിവയും ഉണ്ടായി രുന്നു.

# പോത്തൻകോട് ബ്ലോക്ക്



*കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടന്ന അവലോകന യോഗത്തിൽ നിന്ന്.*

**ദേ**ശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള പദ്ധതിയുടെ തിരുവനന്ത പുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്കിലെ പ്രവർ ത്തനങ്ങൾ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് കൂടിയ യോഗത്തിൽ അവലോകനം ചെയ്തു.

യോഗത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, തൊഴി ലുറപ്പ് മിഷൻ കോ-ഓർഡിനേറ്റർ, ചിറയിൻകീഴ് കയർ പ്രോജക്ട് ഓഫീസിലെ ഉദ്യോഗസ്ഥർ, പഞ്ചായത്തുക ളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ഈ സാമ്പ ത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് പരമാ വധി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ യോഗത്തിൽ ധാരണയായി.

# കൊടകര ബ്ലോക്ക്

**കൊ**ടകര ബ്ലോക്ക് പഞ്ചായത്തിലെ ഏഴ് ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർമാരുമായി 2021 ൽ ഒപ്പുവച്ച കയർ ഭൂവസ്ത്ര ടാർജറ്റ് പൂർത്തീ കരിക്കുന്നത് സംബന്ധിച്ച റിവ്യൂ മീറ്റിംഗ് കൂടുകയും പദ്ധതി ഭംഗിയായി പൂർത്തീകരിക്കുന്നതിന് തീരുമാനി ക്കുകയും ചെയ്തു. മീറ്റിംഗിൽ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ജോയിന്റ് പ്രോജക്ട് കോർഡിനേറ്റർ ഉഷ, ബി.ഡി.ഒ, കയർ പ്രോജക്ട് ഓഫീസർ എന്നിവർ പങ്കെ ടുത്തു.

മീറ്റിംഗിലെ തീരുമാനപ്രകാരം മറ്റത്തൂർ പഞ്ചായ ത്തിലെ വെള്ളിക്കുളങ്ങര ഫോറസ്റ്റ് റേഞ്ചിലെ ആദി വാസി കോളനി റോഡ് കയർ ഭൂവസ്ത്രമുപയോഗിച്ച് പുനർനിർമ്മിക്കുന്നതിനു വേണ്ടി വെള്ളിക്കുളങ്ങര- കവല ഫോറസ്റ്റ് മേഖല സന്ദർശിക്കുകയും പദ്ധതിയു മായി മുന്നോട്ട് പോകുന്നതിനും തീരുമാനിച്ചു. സന്ദർ ശനത്തിൽ ജോയിന്റ് ബി.ഡി.ഒ. ലൗലി, അസിസ്റ്റന്റ് എൻജിനീയർ, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, കയർ പ്രോജ



ക്ടിൽ നിന്നും പ്രോജക്ട് ഓഫീസർ തുടങ്ങിയവർ പങ്കെ ടുത്തു.

# ചിറയിൻകീഴ് ബ്ലോക്ക്



*ചിറയൻകീഴ് നടന്ന ബ്ലോക്ക് അവലോകനയോഗത്തിൽ നിന്ന്*

**ക**യർ ഭൂവസ്ത്രവിതാനം, ചിറയിൻകീഴ് ബ്ലോക്ക് ലെവൽ അവലോകനയോഗം ചിറയിൻകീഴ് ബ്ലോക്കാഫീസിൽ വച്ച് കൂടി. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ബി.ഡി.ഒ, പഞ്ചായത്ത് പ്രതിനിധികൾ, എ.ഇ മാർ കയർ പ്രോജക്ട് ഓഫീസിലെ എ.ആർ, കയർഫെഡിലെയും കയർ പ്രോജക്ടാഫീസിലെയും ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



*മതിലകം ബ്ലോക്ക് പഞ്ചായത്തിലെ ഏഴ് ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാരുമായി ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് കയർ പ്രോജക്ട് ഓഫീസർ കൂടികാഴ്ച നടത്തുന്നു.*



*തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാരുമായി കയർ പ്രോജക്ട് ഓഫീസർ കൂടികാഴ്ച നടത്തുന്നു.*

*Best Compliments from*

# THETTATH DF UNIT

**THEKKEY KANDIYIL**
**MUTHUPAARAMBAA,**
**KONDOTIMALAPPURAM - 673638**
**Mob: 8943434370**

*Best Compliments from*

# GALAXY

**KOTTILA P.O,**
**KANNUR - 670334**
**PH: 9567296468**

# പൊതുമേഖലാ സ്ഥാപനങ്ങൾ– ചെയർമാന്മാർ

– ടിവി രാജേഷ് (മുൻ എം.എൽ.എ)
കേരള ക്ലേയ്സ് ആൻഡ് സിറാമിക് (കെ.സി.സി.പി.എൽ)
– സി.ബി. ചന്ദ്രബാബു
കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസിക്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി)
– എം. പ്രകാശൻ മാസ്റ്റർ (മുൻ എം.എൽ.എ.)
കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽസ്
– ടി.കെ. ഗോവിന്ദൻ മാസ്റ്റർ
ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹാൻവീവ്)
– എസ്. ജയമോഹൻ
കാഷ്യൂ ഡെവലപ്മെൻറ് കോർപറേഷൻ
– എം. ശിവശങ്കരപ്പിള്ള
സംസ്ഥാന കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപെക്സ്)
– കെ. മഹേന്ദ്രൻ
ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ
– എം.എച്ച്. റഷീദ്
കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്
– ജി. വേണുഗോപാൽ
കേരളാ സ്റ്റേറ്റ് കയർ കോർപറേഷൻ
– ആർ. അനിൽകുമാർ
ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (എഫ്.ഐ.ടി)
– നെടുവത്തൂർ സുന്ദരേശൻ
കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപറേഷൻ




*പെരുങ്ങുഴി കയർ വ്യവസായ സംഘത്തിന്റെ വിനോദയാത്ര പെരുങ്ങുഴി ശ്രീ രാജരാജേശ്വരി ക്ഷേത്രത്തിൽ നിന്ന് തുടക്കം കുറിക്കുന്നു.*

# പെരുങ്ങുഴി കയർ വ്യവസായ സംഘം വിനോദയാത്ര നടത്തി

**പെ**രുങ്ങുഴി 3053 എന്ന ആദ്യകാല കയർ സംഘം ചിറയിൻകീഴ് കയർ പ്രോജക്ടിലെ (തിരുവനന്തപുരം മികച്ച സംഘങ്ങളിൽ ഒന്നാണ്. സംഘം പ്രസിഡന്റ് ആർ. അജിത്ത് കുമാർ കയർ തൊഴിലാളികളോട് ഏറെ പ്രതിബദ്ധതയുള്ള പൊതുപ്രവർത്തകനാണ്. ആർ. അജിത്ത് കയർഫെഡിന്റെ ഡയറക്ടർ ബോർഡ് അംഗവും അഴൂർ ഗ്രാമ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റുമാണ്. ഏതു പ്രതിസന്ധി കാലത്തും കയർ സംഘത്തിൽ ഇരുന്നൂറിലധികം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹം പ്രത്യേകം ശ്രമിക്കാറുണ്ട്.

ഏറ്റവുമധികം തൊഴിലാളികൾ യൂണിറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘം കൂടിയാണ് പെരുങ്ങുഴി കയർ സംഘം. തൊഴിലാളികൾക്ക് ഉത്സവകാലങ്ങളിൽ കുറഞ്ഞനിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുക, ചികിത്സാ സഹായങ്ങൾ നൽകുക, അവർക്ക് വേണ്ടി വിനോദയാത്രകൾ സംഘടിപ്പിക്കുക ഇങ്ങനെ പരിമിതമായ സാഹചര്യങ്ങളിൽ ഒതുങ്ങി നിന്ന് കൊണ്ട് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് സംഘം ഭരണ സമിതിക്കും പ്രത്യേകിച്ച് പ്രസിഡൻറ് അജിത്തിനും കഴിഞ്ഞിട്ടുണ്ട്.

ഈ വിനോദ യാത്ര മുടങ്ങാതെ കഴിഞ്ഞ കുറെ വർഷങ്ങളായി തുടർന്നു വരികയാണ്. പെരുങ്ങുഴി കയർ സംഘത്തിലെ തൊഴിലാളികൾ 7 ദിവസം കേരളം, കർണ്ണാടകം. തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ കയർ വ്യവസായത്തെക്കുറിച്ച് നേരിട്ട് കണ്ടുപഠിക്കുന്നതിന് വേണ്ടി കയർ ബോർഡ് സംഘടിപ്പിച്ച എക്സ്പോഷർ ടൂർ പ്രോഗ്രാമിൽ പങ്കെടുത്തു.

# സെമിനാറുകൾ നടത്തി

## പാലക്കാട്
## ' കയർ ഭൂവസ്ത്രം മണ്ണിന് കയറുറപ്പ് '

**പാ**ലക്കാട് ജില്ലയിലെ കയർ ഭൂവസ്ത്രം വിതാനം സംബന്ധിച്ച സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ. ബിനുമോൾ ഉദ്ഘാടനം ചെയ്തു. ജലമൊഴുക്ക് തടസപ്പെടുത്താതെ മണ്ണൊലിപ്പ് തടയുവാൻ പാലക്കാട് ജില്ലയിൽ 11.81ലക്ഷം ചതുരശ്രമീറ്റർ തീരത്ത് കയർഭൂവസ്ത്രം വിരിക്കും.

തോട്, കുളങ്ങൾ, നീർച്ചാലുകൾ, ഇതര ജലസ്രോതസുകൾ, പുഴകളുടെ തീരം, കൈവഴികൾ, മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന ചരിഞ്ഞ പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലാണ് കയർ ഭൂവസ്ത്രം വിരിക്കുക. ഭൂവസ്ത്രത്തോടൊപ്പം പ്രത്യേകതരം പുല്ലും വച്ചു പിടിപ്പിക്കും.

രണ്ടു മുതൽ മൂന്നു വർഷത്തിനുള്ളിൽ കയർ ഭൂവസ്ത്രം മണ്ണിൽ ലയിക്കുന്നതോടൊപ്പം പുല്ലുകൾ വളർന്നു ജൈവ മതിൽ സംരക്ഷണം രൂപപ്പെടും. ഇതുവഴി സ്വാഭാവികമായി തന്നെ മണ്ണൊലിപ്പ് തടയാനാകും. സ്ഥിരം മണ്ണിടിച്ചിൽ നേരിടുന്ന പ്രദേശങ്ങളിൽ കയർ ഭൂവസ്ത്രം വഴിയുള്ള ജൈവമതിൽ ഫലപ്രദമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. നെല്ലിയാമ്പതി റോഡിൽ മണ്ണടിയുന്ന സ്ഥലത്ത് സമാനരീതിയിൽ കയർ ഭൂവസ്ത്രം വിരിച്ചിട്ടുണ്ട്. ഈ വിധത്തിലാണ് മറ്റിടങ്ങളിലും പദ്ധതി നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്.

ഈ രംഗത്ത് തുടർ പരിപാലനവും നിരീക്ഷണവും ഏർപ്പെടുത്തുന്നതാണ്. പ്രൊജക്റ്റ് തൊഴിലുറപ്പ് പദ്ധതി വഴിയാണ് നടപ്പിലാക്കുന്നത്. കയർ ഭൂവസ്ത്രത്തിനുള്ള കരാർ ഒപ്പിട്ടിരുന്നു എങ്കിലും നിയമസഭാ തിരഞ്ഞെടുപ്പ്, കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം എന്നിവയുടെ പശ്ചാത്തലത്തിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത് നീണ്ടുപോയത്. മാർച്ചിന് മുമ്പ് പദ്ധതി പൂർത്തീകരിക്കുവാൻ സെമിനാറിൽ തീരുമാനമായി.

## എറണാകുളം
## ' കയർ വ്യവസായവും മൂല്യവർദ്ധിത ഉത്പന്നങ്ങളും '

**കേ**രള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ കയർ സഹകരണ സംഘങ്ങൾക്കും സ്വകാര്യ സംരംഭകർക്കുമായി കയർ വ്യവസായവും മൂല്യവർദ്ധിത ഉത്പന്നങ്ങളും എന്ന വിഷയത്തെ ആധാരമാക്കി ഏകദിന സെമിനാർ നോർത്ത് പറവൂരിൽ സംഘടിപ്പിച്ചു.

പരിപാടിയുടെ ഉദ്ഘാടനം നോർത്ത് പറവൂർ കയർ പ്രൊജക്ട് ഓഫീസർ കെ.എം ഇന്ദിര നിർവഹിച്ചു. കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ പി.വി. ശശീന്ദ്രൻ, ബിസിനസ് എക്സിക്യൂട്ടീവ് രാജൻ കാര എന്നിവർ വിഷയാവതരണം നടത്തി.







*കണ്ണൂർ കയർ പ്രൊജക്റ്റിനു കീഴിൽ ഉള്ള മാട്ടൂൽ കയർ വ്യവസായ സംഘം നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം കല്യാശേരി എം.എൽ.എ എം. വിജിൻ നിർവഹിക്കുന്നു.*




*കായംകുളം പെരുമ്പള്ളി സൗത്ത് സി.വി.സി.എസ്. 878 സംഘത്തിന്റെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പ്രവർത്തനോദ്ഘാടനം ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എൻ. സജീവൻ നിർവഹിക്കുന്നു.*

# ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു

**കാ**യംകുളം പെരുമ്പള്ളി സൗത്ത് സി.വി.സി.എസ്. 878 സംഘത്തിന്റെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പ്രവർത്തനോദ്ഘാടനം ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എൻ. സജീവൻ നിർവഹിച്ചു. സംഘം പ്രസിഡന്റ് കെ. ശ്രീകൃഷ്ണൻ അധ്യക്ഷത വഹിച്ചു. തൊഴിലാളികൾക്കുള്ള താറ്റ് മെഷീൻ വിതരണോദ്ഘാടനം കയർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. പുഷ്ക്കരൻ നിർവഹിച്ചു.

ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉപയോഗിച്ചുള്ള കയർപിരി പരിശീലന പരിപാടി കായംകുളം കയർ പ്രൊജക്റ്റ് ഓഫിസർ ജി. കൃഷ്ണപിള്ള ഉദ്ഘാടനം ചെയ്തു. തൊഴിലാളികൾക്കുള്ള യൂണിഫോം കയർ ഇൻസ്പെകടർ ആർ. രാജേഷ് വിതരണം ചെയ്തു. ജി. ബിജുകുമാർ, ജി. യശോധരൻ, ബിനീഷ്ദേവ്, ജെ. സലിം, സുനിൽ, ബിനു, എൻ. സുലേഖ തുടങ്ങിയവർ പങ്കെടുത്തു.



*കയർ, വ്യവസായ, നിയമ, മൈനിംഗ്, ജിയോളജി വകുപ്പുകളുടെ 2022-23 വർഷത്തെ പദ്ധതി സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, മെമ്പർമാർ എന്നിവരുമായി മന്ത്രി പി. രാജീവ് ചർച്ച നടത്തുന്നു.*

# കയർഫെഡിന്റെ അന്യസംസ്ഥാന ഷോറൂമുകൾ




*കയർഫെഡിന്റെ ചെന്നൈ ഷോറൂം*




*കയർഫെഡിന്റെ കോൽഹാപൂർ ഷോറൂം.*




*കയർഫെഡിന്റെ ട്രിച്ചി ഷോറൂം.*

## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar,<br>Special Officer (Coir) | 0471-2322046 | |
| 4 | Smt. Helen Jerome, ADCD | 0471-2322046 | |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| **II** | **Coir Project Offices** | | |
| 1 | Shri. K.J. Prabhakumar, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri. R. Suresh Babu, Alappuzha | 828109816 | 9572077344 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Smt. P.R. Sindu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri. S.K. Sureshkumar, Kannur | 0497-2705034 | 9744720375 |
| **III** | **Coirfed Head Office** | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Shri.Arun R., Finance Manager | 8281009820 | |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Shri. Sajeev, Personnel Manager | 9947562237 | |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 7 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 8 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 9 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 10 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 11 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 12 | Regional Officer, Alappuzha | 0477-2246272 | 8281009832 |
| 13 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 14 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 15 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 16 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 17 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 18 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 19 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 20 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 21 | Manager, RB Unit | | 9497635914 |
| 22 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 23 | Central Stores Manager | 0477-2242471 | |



**Coirfed**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

**ഒരു വീട്ടിൽ**
**ഒരു കയർ ഉൽപ്പന്നം**

# കയർഫെഡ് ബാംഗ്ലൂർ ഷോറും ഉദ്ഘാടനം

## 29 – 12 – 2021 ബുധൻ വൈകുന്നേരം 4.00 മണി (ഓൺലൈൻ)



സ്വാഗതം : ശ്രീ. ബി.സുനിൽ
(ജനറൽ മാനേജർ, കയർഫെഡ്)

ഉദ്ഘാടനം : **ശ്രീ. പി. രാജീവ്**
(ഓൺലൈൻ)
(ബഹു. വ്യവസായ-നിയമ-കയർ വകുപ്പ് മന്ത്രി)

അദ്ധ്യക്ഷൻ : അഡ്വ. എൻ. സായികുമാർ
(പ്രസിഡന്റ് കയർഫെഡ്)

മുഖ്യപ്രഭാഷണം : ശ്രീ. ആനത്തലവട്ടം ആനന്ദൻ
(വൈസ് ചെയർമാൻ, അപ്പെക്സ്ബോഡി ഫോർ കയർ)

ശ്രീ. വി.ആർ. വിനോദ് ഐഎഎസ്
(കയർ വികസന ഡയറക്ടർ)

ശ്രീ. എൻ. പത്മകുമാർ ഐഎഎസ് (Rtd)
(സ്പെഷ്യൽ ഓഫീസർ, കയർ )

ആശംസകൾ : ശ്രീമതി. ഹെലൻ ജറോം, (അഡീഷണൽ കയർ വികസന ഡയറക്ടർ)
ശ്രീ. ജോഷി എബ്രഹാം, (വൈസ് പ്രസിഡന്റ്, കയർഫെഡ്)
ശ്രീ. എസ്.എൽ. സജികുമാർ, (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കയർഫെഡ്)
ശ്രീ. വി.എസ്. മണി, (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കയർഫെഡ്)
ശ്രീ. എം. പുഷ്കരൻ, (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കയർഫെഡ്)
ശ്രീ. സി. സുരേഷ്കുമാർ (മാനേജിംഗ് ഡയറക്ടർ കയർഫെഡ്)

നന്ദി : ശ്രീ. അനുരാജ് .എം (മാർക്കറ്റിംഗ് മാനേജർ,കയർഫെഡ്)

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** No.679, P.B.No.4616, Alappuzha,Kerala, India. Tel: 0477 2243627, 2243628 , 2243629, 2244109(D), 8281009840 I
www.coirfed.in, Email: coirfedho@gmail.com, mdcoirfed@gmail.com

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-12-2021, December 2021



ഒരു വീട്ടിൽ
ഒരു കയർ ഉൽപ്പന്നം

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം
Coirfed

കയർഫെഡിന്റെ
# പുതുവർഷ സ്വർണ്ണമഴ

2021 ഡിസംബർ 6 മുതൽ 2022 മാർച്ച് 7 വരെ



ഒന്നാം സമ്മാനം
24 ഗ്രാം ഗോൾഡ് കോയിൻ (3 പവൻ)



രണ്ടാം സമ്മാനം
16 ഗ്രാം ഗോൾഡ് കോയിൻ (2 പവൻ)



മൂന്നാം സമ്മാനം
8 ഗ്രാം ഗോൾഡ് കോയിൻ
(1 പവൻ വിതം 2 പേർക്ക്)



സമാശ്വാസ സമ്മാനം
1 ഗ്രാം വിതം 100 പേർക്ക്

## കയറിന് ഒരു കൈത്താങ്ങ്

കേരളത്തിന്റെ തനതു പരമ്പരാഗത വ്യവസായമായ കയറിന്റെ പുനരുദ്ധാരണത്തിനായി രണ്ടാം കയർ പുനഃസംഘടനാ പദ്ധതി കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കയർ ഉത്പന്നങ്ങളുടെ വിപണനത്തിനായി കയർഫെഡ് അവതരിപ്പിക്കുന്ന പുതുവർഷ സ്വർണ്ണമഴ പദ്ധതിയിൽ എല്ലാ കേരളീയരും പങ്കെടുത്ത് കയർഫെഡിന്റെ കേരളത്തിലുടനീളമുള്ള ഷോറുമുകളിൽ നിന്നും കയർ ഉത്പന്നങ്ങൾ വാങ്ങി കയർഫെഡിന്റെ കൂപ്പൺ പദ്ധതി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

* Prices are Subject to Change



കയർ മാറ്റ്സ്
MRP യിൽ നിന്നും
50% ഡിസ്കൗണ്ട് + Tax 5%



മെത്തകൾ
MRP യിൽ നിന്നും
40% ഡിസ്കൗണ്ട് + Tax 18%



ടഫ്റ്റഡ് മാറ്റ്സ്
MRP യിൽ നിന്നും
50% ഡിസ്കൗണ്ട് + Tax12%

*Conditions apply

namasteads.com

### പദ്ധതി വിവരങ്ങൾ

കൂപ്പൺ പദ്ധതി– മുകളിൽ പറയുന്ന ഉത്പന്നങ്ങൾ കയർഫെഡ് ഷോറൂമുകളിൽ നിന്നും ₹ 2000 മോ അതിലധികമോ MRP വിലയുള്ള ഉത്പന്നങ്ങൾ വാങ്ങുമ്പോൾ കൂപ്പൺ നൽകി MRP വിലയിൽ നിന്നും 40% ഡിസ്കൗണ്ട് ലഭിക്കുന്നതാണ്. ഡിസ്കൗണ്ട് കഴിച്ച് ഉള്ള വിലയിൽ ഉത്പന്നത്തിന്റെ GST ഉപഭോക്താവ് പ്രത്യേകം നൽകേണ്ടതാണ്. ഓരോ ഉത്പന്നങ്ങൾക്കുമുള്ള GST അതാത് സ്ലാബ് അനുസരിച്ച് നൽകേണ്ടതാണ്. ഈ കൂപ്പണുകൾ താഴെപ്പറയുന്ന MRP പരസ്യപ്പെടുത്തിയ ഉത്പന്നശ്രേണികൾക്ക് മാത്രം ബാധകം.

### *കയർഫെഡ് പുതുവർഷ 40% ഡിസ്കൗണ്ട് കൂപ്പൺ*

ഈ പരസ്യവുമായി തൊട്ടടുത്ത കയർഫെഡ് ഷോറൂം സന്ദർശിക്കുക ഷോറൂമിൽ ലഭ്യമായിട്ടുള്ള സ്വർണ്ണമഴ കൂപ്പൺ ബിൽ നമ്പറും വിശദവിവരങ്ങളും ചേർത്ത് പൂരിപ്പിച്ച് ഷോറൂമിലെ കൂപ്പൺ ബോക്സിൽ നിക്ഷേപിക്കുക

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** No.679, P.B.No.4616, Alappuzha,Kerala
**Tel: 0477 2243627, 2243628 , 2243629** Web: www.coirfed.in Email: coirfedho@gmail.com, mdcoirfed@gmail.com

Head Office. No : +91 8281009840, +91 8281009828, +91 9495605091 | Alappuzha : 8281009856 | Kayamkulam : 8281009850 Chengannur : 8281009854 Mavelikkara : 8281009852 | Nangiyarkulangara : 8281009853 | Kanichukulangara : 9400725013 | Ernakulam : 8281009858 | Kannur : 8281009864 Kollam : 8281009849 | Parippally : 8281009848 | Kottayam : 8281009857 | Kozhikode : 8281009863 | Pathanamthitta : 8281009873 | Palakkad : 8281009826 Sulthan Batherry : 8281009865 | Chalakkudy : 8281009859 | Tirur : 8281009861 | Trida (Tvm) : 8281009846 | Ananthapuri (Tvm) : 8281009847 Narmada (Tvm) : 8281009845 Sreekaryam (Tvm) : 9349109251

Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705